भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2018-19/04
DCM (FNVD) G-1/16-01-05/2018-19 ജൂലൈ 2, 2018

എല്ലാ ബാങ്കുകളുടേയും മാനേജിംഗ്

ഡയറക്ടർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

പ്രീയപ്പെട്ട സർ/മാഡം,

**കള്ളനോട്ടുകളുടെ കണ്ടെത്തെലും കൈവശപ്പെടുത്തലും പ്രാമാണിക സർക്കുലർ**

കള്ളനോട്ടുകൾ കണ്ടെത്തുന്നതും കൈവശപ്പെടുത്തുന്നതും സംബന്ധിച്ച 2017 ജൂലൈ 20-ലെ പ്രാമാണിക സർക്കുലർ DCM (FNVD) G-4/16-01-05/2017-18 കാണുക. ഇതേവരെ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചേർത്ത് നവീകരിച്ച പ്രാമാണിക സർക്കുലർ ആർ.ബി.ഐ.യുടെ വെബ്സൈറ്റായ www.rbi.org.in യിൽ കൊടുത്തിട്ടുണ്ട്.

ഈ സർക്കുലർ പുറപ്പെടുവിക്കുന്ന തീയതിവരെയുള്ള മേൽകാണിച്ച വിഷയത്തിൽ പുറപ്പെടുവിച്ച സർക്കുലറുകളിലടങ്ങിയിട്ടുള്ള എല്ലാ നിർദ്ദേ ശങ്ങളുടെയും സമാഹാരമാണ് ഈ പ്രാമാണിക സർക്കുലർ.

വിശ്വാസപൂർവ്വം

മാനസരഞ്ജൻ മോഹന്ദി

(ചീഫ് ജനറൽ മാനേജർ)

Encl:- പ്രാമാണിക സർക്കുലർ

वित्तीय समावेशन और विकास विभाग, केन्द्रीय कार्यालय,10 वी मंजिल, केंद्रीय कार्यालय भवन, शहीद भगतसिंह मार्ग,पोस्ट बॉक्स सं. 10014,मुंबई -400001
Financial Inclusion & Development Dept.,Central Office,10th Floor, Central Office Building,Shahid Bhagat Singh Marg,P.B.No.10014,Mumbai-1
टेली Tel:022-22601000 फैक्सः 91-22-22621011/22610943/22610948 ई -मेल : cgmincfidd@rbi.org.in

हिंदी आसान है,इसका प्रयोग बढ़ाइए।
"चेतावनी : रिज़र्व बैंक द्वारा मेल-डाक, एसएमएस या फोन कॉल के जरिए किसी की भी व्यक्तिगत जानकारी जैसे बैंक के खाते का ब्यौरा, पासवर्ड आदि नहीं मांगी जाती है। यह धन रखने या देने का प्रस्ताव भी नहीं करता है। ऐसे प्रस्तावों का किसी भी तरीके से जवाब मत दीजिए।"
**Caution:** RBI never sends mails, SMSs or makes calls asking for personal information like bank account details, passwords, etc. It never keeps or offers funds to anyone. Please do not respond in any manner to such offers.

വിഷയ സൂചിക

ഉള്ളടക്കം


| ഖണ്ഡിക നം. | വിവരങ്ങൾ |
|---|---|
| 1 | വ്യാജനോട്ടുകൾ കണ്ടുകെട്ടുന്നതിനുള്ള അധികാരി |
| 2 | വ്യാജനോട്ടുകളുടെ തിരിച്ചറിയൽ |
| 3 | വ്യാജനോട്ടുകൾ കണ്ടുകെട്ടുന്നത് |
| 4 | വ്യാജനോട്ട് കൊണ്ടുവന്നയാൾക്കു നൽകുന്ന രസീത് |
| 5 | വ്യാജനോട്ടുകളുടെ തിരിച്ചറിയൽ- പോലീസിനും മറ്റു അധികാരികൾക്കും റിപ്പോർട്ടു ചെയ്യുന്നു. |
| 6 | കൗണ്ടറിലൂടെ വിതരണം ചെയ്യുന്നതിന് മുമ്പും, എ.ടി.എം.-ൽ നിറക്കുന്നതിനുമുമ്പും, ഇഷ്യൂ ഓഫീസുകളിൽ അടയ്ക്കുന്ന തിനുമുമ്പും, ബാങ്ക് നോട്ടുകളിൽ നടത്തേണ്ട പരിശോധന. |
| 7 | നോഡൽബാങ്ക് ഓഫീസറെ നാമനിർദ്ദേശം ചെയ്യുക. |
| 8 | ബാങ്കുകളുടെ ഹെഡ് ഓഫീസിൽ വ്യാജനോട്ടുകളുടെ കാര്യത്തിൽ വിജിലൻസ് സെൽ ഉണ്ടാക്കുക. |
| 9 | അൾട്രാ വൈലറ്റുവിളക്കുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക. |
| 10 | ആർബിഐ യ്ക്കും, ഗവർൺമെൻറിനും വിവരങ്ങൾ റിപ്പോർട്ടു ചെയ്യുക. |
| 11 | പോലീസ് അധികാരികളിൽനിന്നും ലഭിച്ച വ്യാജനോട്ടുകൾ സൂക്ഷിച്ചുവയ്ക്കുക |
| 12 | വ്യാജനോട്ടുകൾ കണ്ടെത്തുന്നതിൽ സ്റ്റാഫിനുള്ള പരിശീലനം. |
| | അനുബന്ധം I<br>അനുബന്ധം II<br>അനുബന്ധം III<br>അനുബന്ധം IV<br>അനുബന്ധം V<br>അനുബന്ധം VI<br>അനുബന്ധം VII<br>അനുബന്ധം VIII |

**റിസർവ് ബാങ്ക് ഓഫ് ഇന്ത്യ**

**കറൻസി മാനേജ്മെൻറ് വിഭാഗം,**

**പ്രാമാണിക സർക്കുലർ 2017-18.**

കള്ളനോട്ടുകളുടെ കണ്ടെത്തലും കൈവശപ്പെടുത്തലും

**ഖണ്ഡിക.1. കള്ളനോട്ടുകൾ പിടിച്ചെടുക്കാനുള്ള അധികാരം**

**കള്ളനോട്ടുകൾ**

1. എല്ലാ ബാങ്കുകൾക്കും,

2. എല്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും,

3. റിസർവ്വ് ബാങ്കിൻറെ എല്ലാ ഇഷ്യൂ ഓഫീസുകൾക്കും പിടിച്ചെടുക്കാം.

**ഖണ്ഡിക.2. കള്ളനോട്ടുകൾ കണ്ടെത്തൽ**

കൗണ്ടറിൽ സമർപ്പിക്കപ്പെടുന്നതും, ബാങ്ക് ഓഫീസുകളിൽ ലഭിക്കുന്ന തും മൊത്ത മായി കറൻസി ചെസ്റ്റുകളിൽ കിട്ടുന്നതുമായ ബാങ്ക് നോട്ടുകൾ എല്ലാം, സാധുതയ്ക്കുവേണ്ടി യന്ത്രങ്ങളുപ യോഗിച്ച് പരിശോധി ക്കേണ്ടതാണ്. കൗണ്ടറിലോ, ബാങ്ക് ഓഫീസിലോ, കറൻസി ചെസ്റ്റിലോ, കണ്ടെത്തുന്ന കള്ളനോട്ടുകൾ ഇടപാടുകാരൻറെ അക്കൗണ്ടിൽ വരവുവച്ചു കൊടുക്കാൻ പാടില്ല.

ഒരു കാരണവശാലും ബാങ്ക് ശാഖകൾ/ട്രഷറികൾ കള്ളനോട്ടുകൾ സമർപ്പിച്ച ആളിന് അവ തിരിച്ചു കൊടുക്കുകയോ നശിപ്പിക്കുകയോ ചെയ്യാൻ പാടില്ല. ബാങ്കുകൾ കണ്ടെത്തിയ കള്ളനോട്ടുകൾ പിടിച്ചെടുക്കാൻ പരാജയപ്പെട്ടാൽ, ആ ബാങ്ക്, കള്ളനോട്ടുകൾ പ്രചരിപ്പിക്കാൻ മനഃപൂർവ്വം ഉൾപ്പെട്ടു എന്ന് കണക്കാക്കുകയും, അതിന് പിഴയിടുകയും ചെയ്യും.

**ഖണ്ഡിക.3. കള്ളനോട്ടുകൾ കൈവശപ്പെടുത്തൽ**

കള്ളനോട്ടുകളെന്ന് ഉറപ്പിച്ച നോട്ടുകളെ "കള്ളനോട്ട്" (Counterfiet Note) എന്ന് മുദ്രയടിച്ച് നിശ്ചിത ഫോറത്തിൽ (അനുബന്ധം- I) രേഖപ്പെടുത്തി പിടിച്ചെടുക്കേ ണ്ടതാണ്.

അപ്രകാരം പിടിച്ചെടുത്ത ഓരോ നോട്ടും ഒരു പ്രത്യേക രജിസ്റ്ററിൽ ഒപ്പോടു കൂടി രേഖപ്പെടുത്തേണ്ടതാണ്.

**ഖണ്ഡിക.4. നോട്ട് സമർപ്പിച്ച ആളിന് നൽകേണ്ട രസീത്**

ഒരു ബാങ്ക് ശാഖയിലോ, ബാങ്ക് ഓഫീസിലോ, കറൻസി ചെസ്റ്റിലോ, ട്രഷറി

യിലോ, സമർപ്പിക്കപ്പെട്ട ബാങ്ക് നോട്ട് വ്യാജനാണെന്ന് തിരിച്ചറിയുമ്പോൾ അതിനെ മുകളിൽ മൂന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതുപോലെ മുദ്ര പതിച്ചതിനുശേഷം, അതു തന്നയാളിന് നിശ്ചിത ഫോറത്തിൽ (അനുബന്ധം- II) ഒരു രസീത് നൽകേണ്ടതാണ്. ഈ രസീത് തുടർച്ചയായ നമ്പർ ഉള്ളതും, നോട്ടുതന്നയാളും ക്യാഷ്യറും ഒപ്പുവച്ചിട്ടുള്ളതുമായിരിക്കണം. പൊതുജനങ്ങളുടെ അറിവിലേ ക്കായി, ഇക്കാര്യം കാണിക്കുന്ന ഒരു നോട്ടീസ് ഓഫീസു കളിലും ശാഖകളിലും പ്രാധാന്യത്തോടെ പ്രദർശിപ്പിക്കണം. തന്നയാൾ ഒപ്പ് വെയ്ക്കാൻ വിസമ്മതിച്ചാൽപോലും രസീത് നൽകണം.

ഖണ്ഡിക.5. കള്ളനോട്ടുകൾ കണ്ടെത്തുന്നതും-പോലീസിലും മറ്റിടങ്ങളിലും റിപ്പോർട്ട് കൊടുക്കുന്നതും

കള്ളനോട്ടുകൾ കണ്ടുപിടിക്കപ്പെടുന്ന സംഭവം പോലീസിനെ അറിയി ക്കുമ്പോൾ താഴെപ്പറയുന്ന നടപടിക്രമം പാലിക്കണം.

ഒരൊറ്റ ഇടപാടിൽ നാലു നോട്ടുകൾ വരെ കണ്ടുപിടിക്കപ്പെടുന്ന അവസരത്തിൽ നിശ്ചിത ഫോറത്തിൽ (അനുബന്ധം- III) ഒരു ഏകീകൃത റിപ്പോർട്ട് ഉത്തരവാദപ്പെട്ട ബാങ്ക് ഓഫീസർ പോലീസധികാരികൾക്കോ ഉത്തവാദപ്പെട്ട പോലീസ് സ്റ്റേഷനിലോ, മാസാവസാനം, വ്യാജനോട്ടുകളു ൾപ്പെടെ അയക്കണം.

ഒരൊറ്റ ഇടപാടിൽ അഞ്ചോ അതിൽ കൂടുതലോ നോട്ടുകൾ കണ്ടുപിടിക്ക പ്പെട്ടാൽ, വ്യാജനോട്ടുകൾ ബാങ്കിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ, നിശ്ചിത രൂപത്തിലുള്ള ഫോറത്തിൽ (അനുബന്ധം- IV) FIR ഫയൽ ചെയ്ത് അന്വേഷണം തുടങ്ങാൻ വേണ്ടി ലോക്കൽ പോലീസ് സ്റ്റേഷനിലേ ക്കോ, ഉത്തരവാദപ്പെട്ട പോലീസ് സ്റ്റേഷനിലേക്കോ, ഉടൻതന്നെ അയക്കണം.

പ്രതിമാസ ഏകീകൃത റിപ്പോർട്ടിൻറെ/FIR ൻറെ ഒരു കോപ്പി ബാങ്കിൻറെ ഹെഡ് ഓഫീസിലുള്ള വ്യാജനോട്ട് വിജിലൻസ് സെല്ലിലേക്ക് (ബാങ്കുകളുടെ കാര്യത്തിൽ മാത്രം) അയക്കണം. ട്രഷറികളുടെ കാര്യത്തിൽ, റിപ്പോർട്ട് റിസർവ് ബാങ്കിൻറെ പ്രസക്ത ഇഷ്യൂ ഓഫീസിലേക്കാണ് അയക്കേണ്ടത്.

ഏകീകൃത പ്രതിമാസ റിപ്പോർട്ട്/FIR എന്നിവയ്ക്കൊപ്പം, പോലീസധി കാരികൾക്ക് അയച്ച നോട്ടുകൾക്കുള്ള രസീത് വാങ്ങണം. കള്ളനോട്ടുകൾ, ഇൻഷ്വർ ചെയ്ത തപാലിലാണ് അയക്കുന്ന തെങ്കിൽ പോലീസിനു അതു കിട്ടിയതായുള്ള രസീത് തീർച്ചയായും വാങ്ങി രേഖകളിൽ സൂക്ഷി ക്കണം. പോലീസധികാരികളിൽ നിന്നും രസീതു കിട്ടാൻ ശരിയായ, തുടരെയുള്ള പരിശ്രമം ആവശ്യമാണ്. പോലീസിൻറെ ഭാഗത്തുനിന്നുള്ള അനാസ്ഥ കാരണം ഇക്കാര്യങ്ങളിൽ ശാഖകൾക്കോ, ഓഫീസുകൾക്കോ, പ്രതിമാസ ഏകീകൃത റിപ്പോർട്ടുകളോ FIR കളോ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു വെങ്കിൽ കാര്യം വ്യാജ ബാങ്ക് നോട്ടുകളെപ്പറ്റി അന്വേഷണം നടത്താൻ നിയോഗി ക്കപ്പെട്ടിട്ടുള്ള പോലീസ് അധികാരികളുടെ ഉത്തരവാദപ്പെട്ട ഓഫീസറുമായി ചർച്ച ചെയ്ത് പരിഹരിക്കണം. ഉത്തരവാദപ്പെട്ട പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റ് റിസർവ്വ് ബാങ്കിൻറെ ബന്ധപ്പെട്ട മേഖലാ ഓഫീസുകളിൽ നിന്നും വാങ്ങേണ്ട താണ്. കള്ളനോട്ടുകളുടെ പ്രചാരം പ്രോത്സാഹിപ്പിക്കുന്ന ആളുകളെ തിരിച്ചറിയുന്നത് എളുപ്പമാക്കാൻവേണ്ടി ബാങ്കിംഗ് ഹാളും മറ്റു ഏരിയാകളും കൗണ്ടറു കളും സിസി ടിവിയുടെ നിരീക്ഷണത്തിനും റിക്കാർഡിംഗിനും കീഴിൽവരുത്തുകയും, റിക്കാർഡിം ഗ് സൂക്ഷിക്കുകയും വേണം.

കണ്ടെത്തലുകളുടെ ക്രമവും പ്രവണതകളും ബാങ്കുകൾ നിരീക്ഷിക്കുകയും സംശയാസ്പ ദമായ ക്രമങ്ങളും പ്രവണതകളും ആർ.ബി.ഐ./ പോലീസധികാരികളെ ഉടനെ അറിയിക്കുകയും വേണം.

കള്ളനോട്ടുകൾ കണ്ടെത്തുന്നതിലും, അത് പോലീസിനു റിപ്പോർട്ട് ചെയ്യുന്ന തിലും, ബാങ്കുകൾ കൈവരിക്കുന്ന പുരോഗതിയും നേരിടുന്ന പ്രശ്നങ്ങളും സംസ്ഥാനതല ബാങ്കേഴ്സ് സമിതി, (SLBC), കറൻസി മാനേജ്മെൻറിൻറെ മാനേജ്മെൻറ് സമിതി (SCCM), സംസ്ഥാനതല സുരക്ഷാ സമിതി (SLSC), തുടങ്ങിയ സംസ്ഥാനതല സമിതികളുടെ യോഗങ്ങളിൽ നിരന്തരം ചർച്ച ചെയ്യേണ്ടതാണ്. വ്യാജ ഇന്ത്യൻ നോട്ടുകൾ കണ്ടെത്തിയ വിവരങ്ങൾ, ബാങ്കുകളും, ട്രഷറികളും, താഴെ 10-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, റിസർവ്ബാങ്കിന് അയക്കുന്ന പ്രതിമാസ റിപ്പോർട്ടിൽ ഉൾപ്പെ ടുത്തണം.

വ്യാജ നോട്ടു നിർമ്മാണത്തെപ്പറ്റി ഇന്ത്യൻ പീനൽ കോഡിൽ നൽകിയിട്ടുള്ള നിർവചന ത്തിൽ, വിദേശ ഗവൺമെൻറ് അധികാരികൾ പുറപ്പെടു വിച്ചിട്ടുള്ള കറൻസി നോട്ടുകളും ഉൾപ്പെടുന്നു. പോലീസിൽ നിന്നോ, ഗവൺമെൻറു ഏജൻസികളിൽ നിന്നോ, സംശയമുള്ള വിദേശ കറൻസി നോട്ടുകൾ

അഭിപ്രായമാരാഞ്ഞ് ലഭിക്കുമ്പോൾ, അവയെ, മുൻകൂട്ടിയുള്ള ചർച്ചയ്ക്കുശേഷം സി.ബി.ഐ.യുടെ ന്യൂഡൽഹിയിലെ ഇൻറർപോൾ വിഭാഗത്തി ലേക്ക് അയക്കാൻ പറയണം.

1967-ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിൻ (UAPA) കീഴിൽ ഗവൺമെൻറ് ഓഫ് ഇന്ത്യ ഇൻവെസ്റ്റിഗേഷൻ ഓഫ് ഹൈ ക്വാളിറ്റി കൗണ്ടർ ഫീറ്റ് ഇന്ത്യൻ കറൻസി ഒഫൻസസ് റൂൾസ് 2013 എഴുതിയുണ്ടാ ക്കിയിട്ടുണ്ട്. ഈ ആക്ടിൻറെ മൂന്നാം ഷെഡ്യൂളിൽ ഹൈക്വാളിറ്റി കൗണ്ടർഫീറ്റ് ഇൻഡ്യൻ കറൻസിയുടെ നിർവചനം നൽകിയിട്ടുണ്ട്. ഹൈക്വാളിറ്റി കൗണ്ടർഫീറ്റ് ഇന്ത്യൻ നോട്ടുകളുടെ നിർമ്മാണം, കടത്തൽ, വിതരണം എന്നീ പ്രവൃത്തികളെ UAPA 1968-ൻറെ പരിധിയിൽ പെടുത്തിയിട്ടുണ്ട്.

**<u>ഖണ്ഡിക.6.</u> കൗണ്ടറികളിലൂടെയുള്ള ബാങ്ക് നോട്ടുകളുടെ വിതരണം, എ.ടി.എം. കളിൽ നിറയ്ക്കൽ, റിസർവ് ബാങ്കിൻറെ ഇഷ്യൂ ഓഫീസു കളിലേക്ക് അടയ്ക്കൽ എന്നിവയ്ക്കു മുമ്പ് നടത്തേണ്ട പരിശോധന.**

ബാങ്കുകൾ, 100 രൂപയ്ക്കും അതിന് മുകളിലുമുള്ള കറൻസി നോട്ടുകൾ അവയുടെ സാധുത യന്ത്രസഹായത്താൽ പരിശോധിച്ചതിനുശേഷം മാത്രമേ പുനർവിതരണം ചെയ്യാവൂ. ഇതുറപ്പുവരു ത്താനായി ബാങ്കുകൾ അവയുടെ ക്യാഷ് മാനേജ്മെൻറ് പ്രക്രിയ പുനഃക്രമീകരിക്കണം. ഇപ്പറഞ്ഞ നിർദ്ദേശം, എല്ലാ ബാങ്കു ശാഖകൾക്കും അവയുടെ പണവരവിൻറെ അളവ് പരിഗണിക്കാതെതന്നെ, ബാധകമായിരിക്കും. ഇപ്രകാരം ചെയ്യാതിരുന്നാൽ അതിനെ റിസർവ് ബാങ്കിൻറെ നിർദ്ദേശങ്ങളുടെ ലംഘനമായി കണക്കാക്കുന്നതാണ്.

എ.ടി.എം.കളിൽകൂടി കള്ളനോട്ടുകൾ ലഭിക്കുന്നു എന്ന പരാതികൾ ഒഴിവാക്കുന്ന തിനുവേണ്ടിയും, വ്യാജനോട്ടുകളുടെ പ്രചരണം തടയുന്നതിനും വേണ്ടിയും എ.ടി.എം.കൾ നിറക്കുന്നതിനുമുമ്പ് വേണ്ടത്ര ശ്രദ്ധയും പരിശോധനകളും നടത്തേണ്ടത് അനിവാര്യമാണ്. എ.ടി.എം.കളിൽ കൂടിയുള്ള കള്ളനോട്ട് വിതരണം, ബാങ്കുകൾ കള്ളനോട്ടുകൾ പ്രചരിപ്പിക്കുന്നതിനായുള്ള ശ്രമമെന്ന് കരുതുന്ന താണ്. ചെസ്റ്റിലേക്കുള്ള പണമടയ്ക്കലിൽ വ്യാജനോട്ടുകൾ കണ്ടെടു ക്കപ്പെട്ടാലും, ആ ചെസ്റ്റുശാഖ കൾ കള്ളനോട്ടുകൾ പ്രചരിപ്പിക്കുന്നതിൽ മനഃപൂർവ്വം ഉൾപ്പെടുകയാണെന്ന് കണക്കാക്കുകയും, പോലീസധികാരികളുടെ പ്രത്യേക അന്വേഷണത്തിനും, ആ ചെസ്റ്റിൻറെ പ്രവർത്തനം താല്കാലിക മായി നിർത്തിവയ്ക്കലിനും അത് കാരണമാവുകയും ചെയ്യും.

കള്ളനോട്ടുകളുടെ സാങ്കല്പിക (national) മൂല്യത്തിൻറെ 100% പിഴയായും കൂടാതെ അപ്രകാരം നഷ്ടം വന്ന തുകയുടെ ഈടാക്കലും, താഴെപ്പറയുന്ന ഹചര്യങ്ങളിൽ ചുമത്തുന്നതായിരിക്കും.

(a) ബാങ്കുകൾ അഴുക്കായ നോട്ടുകൾ അടയ്ക്കുമ്പോൾ വ്യാജനോട്ടുകൽ കണ്ടു പിടിക്കപ്പെട്ടാൽ

(b) ഒരു ബാങ്കിലെ കറൻസി ചെസ്റ്റുമിച്ചം ആർ.ബി.ഐ. പരിശോധന/ആഡിറ്റു ചെയ്യുന്ന സമയത്ത് വ്യാജ നോട്ടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ.- 2012 ജൂൺ 20-ലെ DPSS Co. PD 2298/02.1-.002/2011-12 എന്ന സർക്കുലറിൻ പ്രകാരം വൈറ്റ് ലേബൽ എ.ടി.എമ്മുകൾ നിറയ്ക്കുമ്പോൾ നോട്ടുകളുടെ ഗുണനില വാരവും സത്യാവസ്ഥയും ഉറപ്പുവരുത്തേണ്ടത് സ്പോൺസർ ബാങ്കിൻറെ ചുമതല യാണ്. 2016 ഡിസംബർ 30-ലെ സർക്കുലർ നം. DPSS Co. PD No.1621/02.10-.002/2016-17 ചില്ലറ ഔട്ട്ലറ്റുകളിൽനിന്നും, സംഭരിക്കു മ്പോൾ, എടിഎം.കളിൽ കൂടി നൽകുന്ന കറൻസി നോട്ടുകളുടെ ഗുണവും, അകൃത്രിമത്വവും ഉറപ്പാക്കേണ്ടത് വൈറ്റ് ലേബൽ എടിഎം കളുടെ ഓപ്പറേറ്ററുടെ ഉത്തരവാദിത്വമാണ്.

**<u>ഖണ്ഡിക.7.</u> നോഡൽ ബാങ്ക് ഓഫീസറെ നിയോഗിക്കുന്നതു സംബന്ധമായി**

ഓരോ ബാങ്കും, ജില്ലാടിസ്ഥാനത്തിൽ ഒരു നോഡൽ ഓഫീസറെ നിയോഗിക്കുകയും അക്കാര്യം ആർ.ബി.ഐ. യുടെ ബന്ധപ്പെട്ട മേഖലാ ഓഫീസുകളേയും, പോലീസധികാരികളേയും അറിയിക്കുകയും വേണം. 5-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതുപോലെ വ്യാജനോട്ടുകളുടെ കണ്ടുപിടിത്ത ങ്ങളുടെ എല്ലാ കേസുകളും ഈ നോഡൽ ബാങ്ക് ഓഫീസറിലൂടെ വേണം റിപ്പോർട്ടു ചെയ്യാൻ. വ്യാജനോട്ടുകൾ

കണ്ടുപിടിച്ചതുമായ എല്ലാ സംഭവങ്ങളു ടെയും ഒരു ബന്ധപ്പെടൽ കേന്ദ്രമായും ഈ നോഡൽ ബാങ്ക് ഓഫീസർ പ്രവർത്തിക്കേണ്ടതാണ്.

**<u>ഖണ്ഡിക.8.</u> ബാങ്കിൻറെ ഹെഡ് ഓഫീസിൽ വ്യാജനോട്ടുകളുടെ വിജിലൻസ് സെൽ സ്ഥാപിക്കുന്നതിനെ സംബന്ധച്ച്.**

താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കുന്നതിനുവേണ്ടി ഓരോ ബാങ്കും അതിൻറെ ഹെഡ് ഓഫീസിൽ ഒരു വ്യാജനോട്ട് വിജിലൻസ് സെൽ സ്ഥാപിക്കേണ്ട താണ്.

i. വ്യാജനോട്ടുകളെ സംബന്ധിച്ച് റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബാങ്ക് ശാഖകളെ അറിയിക്കുക. ഈ നിർദ്ദേശങ്ങൾ പാലിക്ക പ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, വ്യാജ നോട്ടുകൾ കണ്ടുപിടിക്കപ്പെടു മ്പോൾ വിവരങ്ങൾ രേഖപ്പെടുത്തുക, അവ നിലവിലുള്ള നിർദ്ദേശങ്ങ ളനുസരിച്ച്, റിസർവ് ബാങ്ക്, FIU-IND, ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ എന്നിവയ്ക്ക് സമർപ്പിക്കുക. കേസുകൾ പോലീസ് അധികാരികളുമായിട്ടും നിയുക്ത നോഡൽ ബാങ്ക് ഓഫീസർമാ രുമായിട്ടും തുടരെ അന്വേഷിക്കുക.

ii. ഇപ്രകാരം ശേഖരിച്ച വിവരങ്ങൾ ബാങ്ക് CVO യുമായി പങ്കുവയ്ക്കുക. കൗണ്ടറുകളിൽ സ്വീകരിക്കപ്പെട്ടതും കൊടുത്തതുമായ വ്യാജ നോട്ടുകൾ സംബന്ധമായ എല്ലാ കേസുകളും അദ്ദേഹത്തിന്/അവർക്ക് റിപ്പോർട്ടു ചെയ്യുക.

iii. കുറവുകൾ/ന്യൂനതകളുള്ളവ/വ്യാജൻ തുടങ്ങിയ നോട്ടുകൾ കാണപ്പെട്ട കറൻസി ചെസ്റ്റുകൾ മുന്നറിയിപ്പില്ലാതെ ഇടവിട്ടിടവിട്ട് പരിശോധിക്കുക.

iv. വേണ്ടത്ര പരിമാണത്തിലുള്ള നോട്ടുകൾ തരംതിരിക്കുന്ന മെഷീനുകൾ എല്ലാ കറൻസി ചെസ്റ്റിലും, ബാങ്ക് ഓഫീസിലും പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവ രുത്തുക. വ്യാജ നോട്ടുകൾ കണ്ടുപിടിക്കുന്നുണ്ടോ എന്നും അതു സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നുണ്ടോ എന്നും നിരീക്ഷിക്കുക. യഥാവിധി തരംതിരിച്ചതും, മെഷീൻ പരിശോധിച്ചതുമായ നോട്ടുകളാണ് എടിഎമ്മുകളിൽ നിറയ്ക്കുന്ന തെന്നും, കൗണ്ടറുകളിലൂടെ വിതരണം ചെയ്യുന്നതെന്നും ഉറപ്പു വരുത്തുക. നോട്ടുകൾ തരംതിരിക്കുമ്പോഴും, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടു പോകുമ്പോഴും മുന്നറിയിപ്പില്ലാത്ത പരിശോധനയുൾപ്പെടെ, വേണ്ടത്ര സുരക്ഷ ഏർപ്പെടു ത്തുക.

എഫ്.എൻ.വി. സെൽ മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് ത്രൈമാസികാടിസ്ഥാനത്തിൽ, ചീഫ് ജനറൽ മാനേജർ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, കറൻസി മാനേജുമെൻറ് വിഭാഗം, അമർ ബിൽഡിംഗ്, നാലാം നില, സർ പി.എം.റോഡ്, ഫോർട്ട്, മുംബൈ-400 001 എന്ന പേർക്കും, റിസർവ്വ് ബാങ്കിൻറെ ഏതു മേഖലാ ഓഫീസിൻറെ കീഴിൽ പ്രവർത്തി ക്കുന്ന FNV യാണോ ആ മേഖലാ ഓഫീസിലേക്കും (e-mail), ത്രൈമാ സികം അവസാനിച്ച് രണ്ടാഴ്ചയ്ക്കുമുമ്പ് സമർപ്പിക്കേണ്ടതാണ്. ഇപ്പറഞ്ഞ റിപ്പോർട്ട് മെയിലായി അയച്ചാൽ മതി. പേപ്പർ കോപ്പി വേണ്ട. വ്യാജനോട്ട് വിജിലൻസ് സെല്ലുകളുടെ അഡ്രസ്സ് പുതുക്കി സൂക്ഷിക്കാനായി ബാങ്കുകൾ നിശ്ചിത ഫോർമാറ്റിൽ (അനുബന്ധം V), അഡ്രസ്സും മറ്റു വിവരങ്ങളും ഓരോ വർഷവും ജൂലൈ ഒന്നാം തീയതി ഇ-മെയിലിൽ അയക്കണം. പേപ്പർ കോപ്പി അയക്കേണ്ടതില്ല.

എഫ്എൻവി സെല്ലുകളുടെ അഡ്രസ്സും മറ്റും പുതുക്കിസൂക്ഷിക്കുന്നതിന്, ബാങ്ക് നിശ്ചിത ഫോറത്തിൽ (അനുബന്ധം- V), റിസർവ് ബാങ്കിന് എല്ലാ ജൂലൈ 1-നും, ഇ-മെയിലിലൂടെ അയക്കണം. പേപ്പർ കോപ്പി അയക്കേണ്ടതില്ല.

**<u>ഖണ്ഡിക.9.</u> അൾട്രാ- വൈലറ്റ് ലാമ്പും മറ്റു അടിസ്ഥാന സൗകര്യങ്ങളും**

വ്യാജനോട്ടുകൾ കണ്ടുപിടിക്കുന്നത് എളുപ്പമാക്കാൻ സഹായിക്കുന്ന അൾട്രാ വൈലറ്റ് ലാമ്പുകൾ, മറ്റു അനുയോജ്യമായ ബാങ്ക് നോട്ട് തരംതിരിവ് യന്ത്രങ്ങൾ, കള്ളനോട്ട് കണ്ടുപിടിക്കുന്ന യന്ത്രങ്ങൾ എന്നിവ എല്ലാ ബാങ്ക് ശാഖ കളിലും തിരഞ്ഞെടുക്കപ്പെട്ട ബാങ്ക് ഓഫീസുകളിലും സ്ഥാപിച്ച് സജ്ജമാക്കണം. ഇതിനുപുറമേ എല്ലാ കറൻസി ചെസ്റ്റു ശാഖകളും പരിശോധനയ്ക്കും തരംതിരി വിനുമുള്ള പരമാവധി ത്രാണിയുള്ള യന്ത്രങ്ങൾ കൊണ്ട് സജ്ജമാക്കണം. ഈ മെഷിനുകൾ 2010 മേയ് മാസത്തിൽ റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച "നോട്ട് ആതൻറിക്കേഷൻ ആൻറ് ഫിറ്റ്നസ്സ് സോർട്ടിങ്ങ് പാരാമീറ്റേർസ്" ലെ നിർദ്ദേശങ്ങൾക്ക് അനുയോജ്യമായവയായിരിക്കണം. കണ്ടു പിടിക്കപ്പെടുന്ന കള്ളനോട്ടുകളുടെ വിവരങ്ങളുൾപ്പെടെ നോട്ട് തരംതിരിവു മെഷീനുകളുപ യോഗിച്ച് തരം തിരിക്കുന്ന നോട്ടുകളെ സംബന്ധിച്ചുള്ള ഒരു ദൈനംദിന രേഖ ബാങ്കുകൾ സൂക്ഷിക്കണം.

പൊതുജനങ്ങളുടെ ഉപയോഗത്തിനായി കൗണ്ടറിൽ ഒരു നോട്ടെണ്ണൽ മെഷീൻ (ദ്വിമുഖ പ്രദർശന സൗകര്യമുള്ള) സ്ഥാപിക്കുന്ന കാര്യം ബാങ്കുകൾ പരിഗണിക്കണം.

**<u>ഖണ്ഡിക.10.</u> വിവരങ്ങൾ ആർ.ബി.ഐ. എൻ.സി.ആർബി./എഫ്.ഐ.യും ഐ.എൻ.ഡി. എന്നിവയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതു സംബന്ധിച്ച്.**

എല്ലാ ബാങ്കുശാഖകളും മാസാടിസ്ഥാനത്തിൽ തങ്ങളുടെ ശാഖകളിൽ കണ്ടുപിടിക്കപ്പെടുന്ന കള്ളനോട്ടുകളെ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ റിപ്പോർട്ട് ചെയ്യണം. ഒരു മാസം ബാങ്കുശാഖകളിൽ കണ്ടുപിടിക്ക പ്പെടുന്ന കള്ളനോട്ടുകളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു സ്റ്റേറ്റുമെൻറ് (അനുബന്ധം VI) റിസർവ്വ് ബാങ്കിൻറെ ബന്ധപ്പെട്ട ഇഷ്യു ഓഫീസിൽ അടുത്ത മാസം ഏഴാം തീയതിയോടെ ലഭിക്കത്തക്കവണ്ണം അയയ്ക്കേണ്ടതാണ്.

2005-ലെ മണിലാണ്ടറിംഗ് റൂൾസിലെ റൂൾ 3 പ്രകാരം അസ്സൽ നോട്ടുകളെന്ന വ്യാജേന കള്ളനോട്ടുകൾ ഉപയോഗിച്ചു നടത്തിയിട്ടുള്ള പണമിടപാടുകളും ബാങ്കുകളിലെ മുഖ്യഉദ്യോഗസ്ഥൻ, ഡയറക്ടർ FIU-IND, ഫൈനാൻഷ്യൽ ഇൻറലിജൻസ് യൂണിറ്റ്-ഇൻഡ്യാ, ആറാംനില, ഹോട്ടൽ സാമ്രാട്ട്, ചാണക്യപുരി, ന്യൂഡൽഹി 110021 -ന് ഏഴു പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ FINnet പോർട്ട ലിലൂടെ അപ്ലോഡ് ചെയ്തു നൽകേണ്ടതാണ്. അതുപോലെ വ്യാജകറൻസി നോട്ടുകളുടെ (FICN) വിവരങ്ങൾ, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോക്ക് അവരുടെ വെബ്സൈറ്റിലേക്ക് വെബ് പ്രാപ്തിയുള്ള സോഫ്റ്റുവെയറിലൂടെ അപ്ലോഡ് ചെയ്തു കൊടുക്കേണ്ടതാണ്.

ഒരു മാസം വ്യാജനോട്ടുകൾ കണ്ടുപിടിക്കപ്പെട്ടില്ലെങ്കിൽ ഒരു NIL റിപ്പോ ർട്ട് അയക്കേണ്ടതാണ്.

**<u>ഖണ്ഡിക.11.</u> പോലീസ് അധികാരികളിൽ നിന്നും കിട്ടുന്ന കള്ളനോട്ടുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച്**

പോലീസ് അധികാരികൾ/ കോടതികൾ എന്നിവയിൽ നിന്നും തിരിച്ചുകിട്ടുന്ന കള്ളനോട്ടുകൾ ബാങ്ക് ശ്രദ്ധയോടെ ഭദ്രമായി കൈവശം സൂക്ഷിച്ചുവയ്ക്കുകയും, അതാത് ശാഖകൾ അതിൻറെ രേഖ സൂക്ഷിക്കുകയും വേണം. അത്തരം കള്ളനോട്ടുകളുടെ ശാഖാതലത്തിലുള്ള ഏകീകൃതരേഖ ബാങ്കിൻറെ എഫ്എൻവി സെൽ" സൂക്ഷിക്കണം.

ശാഖകളിലെ ഈ വ്യാജനോട്ടുകൾ അർദ്ധവാർഷികാടിസ്ഥാനത്തിൽ (31 മാർച്ച്, 30 സെപ്തംബർ) അതാത് ബാങ്ക് ഓഫീസിൻറെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് വിധേയമാക്കണം. പോലീസധികാരികളിൽ നിന്നും കിട്ടിയ തീയതി മുതൽ 3 വർഷക്കാലത്തേയ്ക്ക് അവ സൂക്ഷിച്ചു വയ്ക്കണം.

അതിനുശേഷം അവ വിശദവിവരങ്ങൾക്കൊപ്പം റിസർവ്വ് ബാങ്കിൻറെ ബന്ധപ്പെട്ട ഓഫീസിലേക്ക് അയയ്ക്കണം.

വ്യാജനോട്ടുകൾ കോടതി വ്യവഹാരങ്ങളുടെ വിഷയമായതിനാൽ കേസ് തീർന്നതിനുശേഷം മൂന്നുവർഷം ബന്ധപ്പെട്ട ശാഖ അവ സൂക്ഷിച്ചുവയ്ക്കേ ണ്ടതാണ്.

**ഖണ്ഡിക.12. കള്ളനോട്ടുകൾ കണ്ടുപിടിക്കൽ-സ്റ്റാഫിനുള്ള പരിശീലനം സംബന്ധിച്ച്**

ഒരു ബാങ്ക്നോട്ടിൻറെ സുരക്ഷാലക്ഷണങ്ങളെ സംബന്ധിച്ച് ബാങ്കിലും, ട്രഷറികളിലും, സബ്ട്രഷറികളിലും പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അറിവുള്ളവരായിരിക്കണം.

വ്യാജനോട്ടുകൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ശാഖയിലെ ഉദ്യോഗസ്ഥർക്കുവേണ്ട പരിശീലനം നൽകാൻ എല്ലാ ബാങ്ക് നോട്ടുകളുടെയും രൂപവും സുരക്ഷാ ലക്ഷണങ്ങളും (അനുബന്ധം VII) എല്ലാ ബാങ്കുകളിലും ട്രഷറികളിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വളരെ പ്രാധാന്യം നൽകി പ്രദർപ്പിക്കണമെന്ന നിർദ്ദേശത്തോടെ നൽകിയിട്ടുണ്ട്. 2005-06 സീരിസിലുള്ള ബാങ്ക് നോട്ടുകളുടെ പോസ്റ്ററുകളും, ശാഖകളിൽ പ്രദർശിപ്പിക്കാൻ ശാഖകൾക്ക് നൽകിയിട്ടുണ്ട്. പുതിയ രൂപത്തിലുള്ള ബാങ്ക് നോട്ടുകളായ ₹.2000,₹.500, ₹.200, ₹.50 എന്നിവയുടെ സുരക്ഷാ ലക്ഷണങ്ങളുടെ വിവരങ്ങൾ http://www.paisabolthahai.rbi.org.in എന്ന ലിങ്കിൽ കൊടുത്തിട്ടുണ്ട്.

മറ്റു ബാങ്കുനോട്ടുകളുടെ വിവരങ്ങളും "നിങ്ങളുടെ ബാങ്ക് നോട്ടുകളെ അറിയുക" (Know your Bank Notes) എന്ന തലക്കെട്ടിൽ അതേ ലിങ്കിൽ കൊടുത്തിട്ടുണ്ട്.

വ്യാജ നോട്ടുകൾ ആദ്യം കിട്ടുന്ന സ്ഥലത്തു വച്ചുതന്നെ കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി ബാങ്ക് നോട്ടുകളുടെ സുരക്ഷാ ലക്ഷണങ്ങൾ സംബന്ധിച്ച പരിശീലന പരിപാടികൾ നിയന്ത്രണ ഓഫീസുകളും, പരിശീലന കേന്ദ്രങ്ങളും നടത്തുകയും വേണം. പണം കൈകാര്യം ചെയ്യുന്ന എല്ലാ ബാങ്ക് ഉദ്യോഗസ്ഥരും അസ്സൽ ഇൻഡ്യൻ ബാങ്കുനോട്ടുകളുടെ ലക്ഷണങ്ങളെ സംബന്ധിച്ച് പരിശീലനം നേടിയിട്ടുള്ളവരാണെന്ന് ഉറപ്പു വരുത്തണം. റിസർവ്വ് ബാങ്ക് ഇതിനുവേണ്ട പരിശീലകരേയും, പരിശീലനോ പാധികളും നൽകും.

-------------------------

അനുബന്ധം-I

(ഖണ്ഡിക-3)

ഓരോ ബാങ്ക് നോട്ടും, അതിൻറെ വിവിധ സുരക്ഷാ ലക്ഷണങ്ങളും, അതിൻറെ സ്വഭാവ വിശേഷണങ്ങളും പരിശോധിച്ചശേഷം, വ്യജനാണ് എന്ന് ഉറപ്പുവരുത്തി കഴിഞ്ഞാൽ അതിനെ "വ്യാജബാങ്ക് നോട്ട്" എന്ന് മുദ്ര കുത്തണം. ഇതിനുവേണ്ടി 5cm x 5cm വലിപ്പത്തിൽ താഴെപ്പറയുന്നത് രേഖപ്പെടുത്തിയ, ഐക്യരൂപ്യമുള്ള മുദ്രകൾ ഉപയോഗിക്കണം.

വ്യാജ ബാങ്ക് നോട്ട് ജ്പ്തി ചെയ്തിരിക്കുന്നു.

ബാങ്ക്/ട്രഷറി/സബ് ട്രഷറി

ശാഖ/കറൻസി ചെസ്റ്റു

ഒപ്പ് :

തീയതി:

അനുബന്ധം-II

ഖണ്ഡിക-4)

**വ്യാജനോട്ട് കൊണ്ടുവന്ന ആളിന് കൊടുക്കേണ്ടുന്ന രസീതിൻറെ രൂപരേഖ**

ബാങ്കിൻറെ പേര്/ട്രഷറി/സബ് ട്രഷറി :

മേൽവിലാസം :

രസീതിൻറെ ക്രമ നമ്പർ:

തീയതി :

താഴെ വിവരിച്ചിട്ടുള്ള നോട്ടുകൾ .................................. (നോട്ട് കൊണ്ടുവന്ന ആളിൻറെ പേരും മേൽ വിലാസവും) വ്യാജ നോട്ടായതിനാൽ ജപ്തി ചെയ്ത് അപ്രകാരം മുദ്ര പതിച്ചിരിക്കുന്നു.

| വ്യാജനെന്നു കരുതപ്പെട്ട നോട്ടിൻറെ ക്രമനമ്പർ | ഡിനോമിനേഷൻ | കള്ളനോട്ടെന്നു കരുതാനുണ്ടായ മാനദണ്ഡം |
|---|---|---|
| | | |
| | | |
| | | |
| | | |

മൊത്തം വ്യാജ നോട്ടുകളുടെ എണ്ണം

കൊണ്ടുവന്ന ആളിൻറെ ഒപ്പ്

കൗണ്ടറിലെ ഉദ്യോഗസ്ഥൻറെ ഒപ്പ്

(ഔദ്യോഗിക മുദ്ര)

അനുബന്ധം-III

(ഖണ്ഡിക-5)

**.................................................... മാസത്തിലെ ക്രോഡീകരിച്ച പ്രതിമാസ റിപ്പോർട്ട്**

1. ബാങ്കിൻറെ പേര്/ജില്ല :

2. നോഡൽ ഓഫീസറുടെ പേരും, :

മേൽവിലാസവും

3. വ്യാജ നോട്ടുകളുടെ വിവരങ്ങൾ :

| കണ്ടുപിടിച്ച തീയതി | ശാഖയുടെ/ കറൻസി ചെസ്റ്റിൻറെ പേര് | കൊണ്ടുവന്ന ആളിൻറെ വിവരങ്ങൾ | ഡിനോമിനേഷനുകൾ/നോട്ടുകളുടെ എണ്ണം/ ക്രമനമ്പരുകൾ | ലംഘിക്കപ്പെട്ട സുരക്ഷാ സ്വഭാവ വിശേഷങ്ങൾ | എൻസിആർബ പോർട്ടൽ ഉണ്ടാക്കിയ യൂണീക് റഫറൻസ് നമ്പർ (യുആർഎൻ) |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

4. വ്യാജ നോട്ടുകൾ ഇതോടൊപ്പം വയ്ക്കുന്നു.

5. ദയവായി ഇത് കിട്ടിയതായി അറിയിച്ചാലും.

ഒപ്പിട്ട അധികാരി

(ഔദ്യോഗിക മുദ്ര)

Encl:

അനുബന്ധം- IV

(ഖണ്ഡിക-5)

**...................................... മാസത്തിലെ ക്രോഡീകരിച്ച മാസാന്ത്യ റിപ്പോർട്ട്**

ബാങ്കിൻറെ പേര് :

ജില്ല :

നോഡൽ ബാങ്ക് ഓഫീസറുടെ പേരും :

മേൽവിലാസവും :

റഫ. നമ്പർ :

തീയതി :

സീനിയർ ഇൻസ്പെക്ടർ ഓഫ് പോലീസ്

.............................................. പോലീസ് സ്റ്റേഷൻ

പ്രീയപ്പെട്ട സർ,

വ്യാജനോട്ടുകൾ കണ്ടെത്തിയതു സംബന്ധിച്ച് അന്വേഷണം നടത്താനുള്ള അപേക്ഷ.

1. ഞങ്ങളുടെ ഓഫീസിൽ .................................................. ൽ കണ്ടെത്തിയ വ്യാജനോട്ടുകൾ ഇതോടൊപ്പം അയക്കുന്നു. വ്യാജനോട്ടുകളുടെ വിവരം താഴെകൊടുക്കുന്നു.

2. വ്യാജ ഇന്ത്യൻ കറൻസി നോട്ടുകളുടെ അച്ചടിയും, വിതരണവും ഇന്ത്യൻ ശിക്ഷാനിയമം 489A മുതൽ 489E വരെയുള്ള സെക്ഷനുകൾ അനുസരിച്ച് കുറ്റകരമായതിനാൽ ഒരു FIR രേഖപ്പെടുത്താനും വേണ്ട അന്വേഷണം നടത്താനും ഞങ്ങൾ അപേക്ഷിക്കുന്നു. ക്രിമിനൽ നടപടികളെടുക്കാൻ തീരുമാനിക്കുക യാണെങ്കിൽ ക്രിമിനൽ പ്രൊസീഡുർ കോഡ്സെക്ഷൻ 292(1), 292(3) അനുസരിച്ച്, ഈ നോട്ടുകൾ, നോട്ട് അച്ചടിക്കുന്ന പ്രസ്സുകളിലും, ഫോറൻസിക് ലാബറട്ടറികളിലും പരിശോധനയ്ക്ക് അയക്കാൻ ഏർപ്പാടു ചെയ്യണം. ക്രിമിനൽ പ്രൊസീഡുർ കോഡ് സെക്ഷൻ 292 അനുസരിച്ച് വിദഗ്ധരുടെ അഭിപ്രായം തെളിവായി കോടതിയിൽ ഹാജരാക്കണം. അന്വേഷണം കോടതി നടപടികൾ എന്നിവ പൂർത്തിയായാൽ, അന്വേഷണം, കോടതിയുടെ തീരുമാനം എന്നിവ ഉൾക്കൊള്ളിച്ച് വിശദമായ ഒരു റിപ്പോർട്ടിനോടൊപ്പം വ്യാജ നോട്ടുകൾ ഞങ്ങൾക്ക് തിരിച്ചയക്കണം.

| ഡിനോമിനേഷൻ/ എത്ര എണ്ണം എന്നും | വ്യാജനോട്ടുകളുടെ ക്രമ നമ്പർ | സാങ്കല്പിക മൂല്യം | കൊണ്ടുവന്ന ആളിൻറെ വിവരങ്ങൾ | കണ്ടുപിടിച്ച ശാഖ/ കറൻസി ചെസ്റ്റിൻറെ പേരും മേൽ വിലാസവും | ബാങ്ക് എൻട്രി നമ്പർ | എൻസിആർബി പോർട്ടൽ ഉണ്ടാക്കിയ യൂണീക് റഫറൻസ് നമ്പർ (യുആർഎൻ) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

3. വ്യാജ നോട്ടുകൾ ഇതോടൊപ്പം അയക്കുന്നു.

4. ദയവു ചെയ്ത് ഇത് കിട്ടിയതായി അറിയിച്ചാലും

വിശ്വാസപൂർവ്വം

അധികാരപ്പെട്ട ഉദ്യോഗസ്ഥൻറെ ഒപ്പ്

(ഔദ്യോഗിക മുദ്ര)

Encl:

അനുബന്ധം-V

(ഖണ്ഡിക-8)

വ്യാജനോട്ട് വിജിലൻസ് സെല്ലിൻറെ (FNVC) മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ആർബിഐ യ്ക്ക് നൽകുന്നതിനുള്ള രൂപരേഖ.

(ഓരോ വർഷവും ജൂലൈ 1-ാം തീയതി e-mail മുഖേന നൽകേണ്ടതാണ്.

| ബാങ്കിൻറെ പേര് | *FNVC* യുടെ മേൽവിലാസം (*PIN* കോഡ് ഉൾപ്പെടെ) | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻറെ പേരും മേൽവിലാസവും | ടെലിഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) | ഫാക്സ് നമ്പർ (കോഡ് ഉൾപ്പെടെ) | *FNVC* യുടെ ലാമശഹ അഡ്രസ്സ് |
|---|---|---|---|---|---|
| | | | | | |

മുകളിലെ വിവരങ്ങൾക്ക് എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുമ്പോൾ ഉടൻതന്നെ ഞങ്ങൾ അറിയിക്കുന്നതാണ്.

ചുമതലപ്പെട്ട ഉദ്യോഗസ്ഥൻറെ പേര് :

ഔദ്യോഗിക ചുമതല

e-mail

NB. പൂർണ്ണമാക്കിയ രൂപരേഖ e-mail- ൽ, M.S. Excel- ൽ, താഴെപ്പറയുന്ന മേൽവിലാസത്തിൽ അറിയിക്കുക. (പേപ്പർ കോപ്പി അയക്കേണ്ടതില്ല)

അനുബന്ധം-VI

(ഖണ്ഡിക-10)

ബാങ്കിൻറെ പേര്/ജില്ല

.......................................ൽ ............................... മാസത്തിൽ കണ്ടുപിടിക്കപ്പെട്ട വ്യാജനോട്ടുകളുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെൻറ്

**A. കണ്ടുപിടിക്കപ്പെട്ട വ്യാജ നോട്ടുകളുടെ വിവരങ്ങൾ**

| ശാഖയുടെ/ കറൻസി ചെസ്റ്റിൻറെ പേര് | കണ്ടുപിടിത്തത്തിൻറെ രീതി | ഡിനോമിനേഷൻ തരം-തിരിവ് വിവരങ്ങൾ | | | | | | | | മൊത്തം നോട്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | 10 | 20 | 50 | 100 | 500 പഴയ | 200, 500 പുതിയ | 1000 | 2000 | |
| | | | | | | | | | | |
| | FIR | | | | | | | | | |
| | FIR അല്ലാത്തത്/ FICN നോട്ടുകൾ | | | | | | | | | |
| | തരം തിരിച്ച നോട്ടുകളുടെ എണ്ണം | | | | | | | | | |

**B. പോലീസിൽ ഫയൽ ചെയ്ത FIR കേസുകളുടെ വിവരങ്ങൾ**

| | മാസത്തിൻറെ തുടക്കത്തിൽ പോലീസിൽ തീർപ്പാകാത്തവ (ഇതുവരെ മൊത്തം) | റിപ്പോർട്ട് മാസത്തിൽ പോലീസിൽ അയച്ചവ | പോലീസ് | മാസത്തിൻറെ തുടക്കത്തിൽ പോലീസിൽ തീർപ്പാകാത്തവ (ഇതുവരെ മൊത്തം) |
|---|---|---|---|---|
| FIR സമർപ്പിച്ച കേസുകളുടെ എണ്ണം | | | | |
| എല്ലാ FIR ലും ഉൾപ്പെട്ട നോട്ടുകളുടെ എണ്ണം | | | | |

NB. ഓരോ FIR ലും ഉൾപ്പെട്ടിരിക്കുന്നത് ഓരോ കേസാണ്.

അയക്കുന്നത്

1. ജനറൽ മാനേജർ/ഡപ്യൂട്ടി ജനറൽ മാനേജർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപ്പാർട്ടുമെൻറ്.

ഒപ്പ്.

നിയുക്ത ഉദ്യോഗസ്ഥൻറെ പേരും/ പദവിയും

(ഔദ്യോഗിക മുദ്ര)

അനുബന്ധം- VII
(ഖണ്ഡിക-12)

## 1967 മുതൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ബാങ്ക് നോട്ടുകളുടെ രൂപരേഖകൾ

| വർഷം | വലുപ്പം | വാട്ടർമാർക്ക് | മുൻവശം | പുറകുവശം |
|---|---|---|---|---|
| **I .** | **10 രൂപാ നോട്ടുകൾ** | | | |
| 1967 | 137 mm x 6 mm | അശോക സ്തംഭം | ധൂമനിറം. 10 എന്ന അക്കം മദ്ധ്യേ | നോട്ടിൻറെ മൂല്യം 14 ഭാഷകളിൽ, ദീർഘവൃത്തത്തിനുള്ളിൽ കടൽത്തീരം, വള്ളത്തോടൊപ്പം. |
| 1968 | do | do | നീലയും കറുപ്പും കലർന്ന നിറം. രണ്ടു ഭാഷകളിൽ വാഗ്ദാന വാക്യം, ഗ്യാരൻറി വാക്യവും ഒപ്പും. | do<br>ഹിന്ദിയിൽ ആർബിഐ യുടെ പേര് കൂട്ടിചേർത്തിട്ടുണ്ട്. |
| 1970 | do | അശോക സ്തംഭവും ചർക്കയും | ആർ.ബി.ഐ.യുടെ ഹിന്ദിരൂപം ഇംഗ്ലീഷുണ്ടായിരുന്നിടത്തും, മറിച്ചും. ഗ്യാരൻറി വാക്യവും വാഗ്ദാന വാക്യവും ഹിന്ദിയിൽ പരസ്പരം മാറ്റി നൽകിയിരിക്കുന്നു. 'സത്യമേവ ജയതേ' ഹിന്ദിയിൽ ചേർത്തിരിക്കുന്നു. വാട്ടർമാർക്ക് ജാലകവും അക്കങ്ങൾ ചേർക്കുന്ന പാനലും വലുതാക്കി. | ദ്വി ഭാഷാമുദ്ര പുതുതായി ചേർത്തിരിക്കുന്നു. |
| | | | മുൻവശം | പിൻവശം |
| 1975 | do | do | കടുത്ത തവിട്ടുനിറം കാവിമൺ, നീലനിറങ്ങൾ, 10 എന്ന അക്കം കടുത്ത തവിട്ടു നിറത്തിൽ അച്ചടിച്ചിരിക്കുന്നു. ഇൻറാഗ്ലിയോ അച്ചടി. ഭാഷകൾ ഇടതുവശത്തുനിരക്കുന്നു. അശോകസ്തംഭം മുദ്ര വലതുവശത്തും. | വിളറിയ തവിട്ടുനിറം കാവികലർന്ന നീലനിറം, പച്ചനിറം എന്നിവ. രണ്ടു മയിലുകൾ ഒരു വൃക്ഷ ശാഖയിൽ ഇരിക്കുന്ന ഒരു വൃത്തം. മാൻ കുതിരകൾ, പക്ഷി താമര എന്നിവയും |
| 1992 | do | do | മൊത്തത്തിലുള്ള വർണ്ണ ഘടന വിളറിയ പിങ്ക്, മാഗെൻറ്റാ, മഞ്ഞ | ഷാലിമാർ പച്ച |
| 1996 | do | മഹാത്മാ ഗാന്ധിയുടെ ചിത്രം, വിവിധ ദിശകളിലേക്കുള്ള വരകൾ വാട്ടർമാക്ക് ജാലകത്തിൽ. | പൊതു വർണ്ണ ഘടന നീലകലർന്ന തവിട്ട്, ഓറഞ്ച്, പിങ്ക് എന്നിങ്ങനെ. മഹാത്മാഗാന്ധിയുടെ ഛായാചിത്രം ഭാരത് RBI വാക്കുകളുള്ള ഉൾച്ചേർത്ത സുരക്ഷാന്തൽ, വെളിച്ചത്തിനെതിരെ പിടിച്ചാൽ ഇരുവശത്തുനിന്നും ഈ വാക്കുകൾ വായിക്കാം. | സങ്കീർണ്ണമായ അലങ്കാര ചിത്രം,പുഷ്പ രൂപങ്ങൾ, ഒരാനയുടെ പാർശ്വാകാരം, കാണ്ടാ മൃഗത്തിൻറേയും കടുവയുടെയും മുഖങ്ങൾ. നോട്ടിൻറെ മൂല്യം 15 ഇന്ത്യൻ ഭാഷകളിൽ. |
| 2006 | do | മഹാത്മാഗാന്ധി യുടെ ഛായാചിത്രം, വിവിധ ദിശകളിലേക്ക് പായുന്ന | മെഷീനുപയോഗിച്ച് വായിക്കാവുന്ന ജാലക മുള്ള, ലോഹവിമുക്തമാക്കിയ കാന്തിക സുരക്ഷാചരട്, ഭാരത് എന്ന് ഹിന്ദിയിലും RBI എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അൾട്രാ വൈലറ്റ് ലൈറ്റിൽ അവ ഇരുവശത്തും മഞ്ഞ | അച്ചടി സമയത്തുതന്നെ അച്ചടി വർഷം ബാങ്ക് നോട്ടിൻറെ മറുവശത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | വരകൾ, ഈ ഭാഗത്ത് ഒരു ഇലക്ട്രോ ടൈപ്പുമാർക്കിൽ പ്രത്യക്ഷപ്പെടുന്ന 10 എന്ന അക്കം, ബാങ്ക് നോട്ട് വെളിച്ചത്തിനെ തിരെ പിടിച്ചു നോക്കിയാൽ കൂടുതൽ നന്നായി കാണാം. | നിറത്തിൽ തിളങ്ങും. വീതി 1.4mm ദിവർണ്ണ ഓപ്റ്റിക്കൽ നാരുകൾ. ചെറിയ പുഷ്പ രൂപ രേഖകൾ ഇരുവശത്തും അച്ചടിച്ചി ട്ടുണ്ട്. മുൻ വശത്ത് (പൊള്ള) മറുവശത്ത് നിറഞ്ഞിരിക്കുന്നു. നോട്ടിൻറെ മദ്ധ്യഭാഗത്ത്, വാട്ടർമാർക്കിനടുത്തായി ലംബമായ ഒരു ചരട് ഇരുവശത്തും കൃത്യമായ രജിസ്ട്രേഷനുള്ളതിനാൽ, വെളിച്ചത്തിനെതിരെ പിടിച്ചു നോക്കുമ്പോൾ അക്കം ഏകമായി തന്നെ കാണാം. | |
| 2011 | do | do | do<br>ഇവയ്ക്കു പുറമേ ₹ ചിഹ്നം ബാങ്ക് നോട്ടിൻറെ മുഖവശത്ത് അവതരിപ്പിച്ചിരിക്കുന്നു. മുകളിൽ ഇടതും, മുകളിൽ വലതും മൂലകളിൽ (ഡിനോമിനേഷൻ അക്കത്തിനോടൊപ്പം) | ബാങ്ക് നോട്ടുകളുടെ മറുഭാഗത്ത് അച്ചടി വർഷം തുടർന്ന് എപ്പോഴുമുണ്ടായിരിക്കും . കൂടാതെ, ₹ ചിഹ്നം ബാങ്ക് നോട്ടുകളുടെ മറുവശത്ത് മുകളിൽ ഇടതു മൂലയിലും, മുകളിൽ വലതു മൂലയിലും (ഡിനോമിനേഷൻ അക്കത്തിനൊപ്പം) അവതരിപ്പിച്ചിട്ടുണ്ട്. |
| 2016 | do | do | do<br>കൂടാതെ ഈ ബാങ്ക് നോട്ടുകളുടെ രണ്ടു നമ്പർ പാനലുകളിലും അക്കങ്ങളുടെ വലിപ്പം മുകളിലേക്ക് ഇടത്തു നിന്നും വലതുഭാഗത്തേക്ക് വർദ്ധിച്ചുവരുന്ന രീതിയിലായിരിക്കും. അതേ സമയം, ആദ്യത്തെ മൂന്നു ആദ്യാക്ഷരടയാളങ്ങൾ (ഉപസർഗ്ഗം), സ്ഥിര വലിപ്പത്തിൽ തുടരുന്നു. | |
| 2018 | 63 mm x 123 mm | 10 രൂപാ മഹാത്മാ ഗാന്ധി (പുതിയ) സീരീസ്, മഹാത്മാഗാന്ധി യുടെ ഛായാചിത്ര വും, ഇലക്ടോടൈപ്പ് വാട്ടർമാർക്കുക ളും | നോട്ടിൻറെ അടിസ്ഥാന നിറം ചോക്കലേറ്റ് ബ്രൗൺ. നോട്ടിന് മറ്റു ഡിസൈനുകളും, പൊതുവേയുള്ള കളർ പദ്ധതിയും ചേരുംവിധമുള്ള ജ്യാമിതീയ രൂപങ്ങളും, മുഖവശത്തും മരുവശത്തും. ഡിനോമിനേഷൻ അക്കം, സുതാര്യമായ രജിസ്ട്രേഷനിലൂടെ കേന്ദ്രത്തിൽ മഹാത്മാഗാന്ധിയുടെ ഛായാച്ചിത്രം, RBI ഹിന്ദിയിൽ ഭാരത്, INDIA 10 എന്നിവ സൂക്ഷ്മാക്ഷരങ്ങളിൽ തീവ്രതകുറഞ്ഞ ലോഹരൂപത്തിൽ ജാലകങ്ങളുള്ള സുരക്ഷാച്ചരട്. ഹിന്ദിയിൽ ഭാരത്, RBI എന്നീ മുദ്രണം.വാഗ്ദാന വകുപ്പും ഗവർണ്ണറുടെ ഒപ്പും, ആർബിഐ മുദ്ര മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിനു വലതുഭാഗത്തേയ്ക്ക്. വലതുവശത്ത് അശോക സ്തംഭ മുദ്ര. നമ്പർ പാനൽ ചെറിയ അക്കങ്ങളിൽ നിന്നും വലിയ അക്കങ്ങളിലേക്ക് വളരുന്ന രൂപത്തിൽ മുകളിൽ ഇടതുഭാഗത്തും, | ഈ പുതിയ ഡിനോമിനേഷനിൽ കൊനാർക്കിലെ സൂര്യ ക്ഷേത്രത്തിൻറെ മാതൃക, മറുവശത്ത്, രാജ്യത്തിൻറെ സാംസ്കാരിക പൈതൃകം എടുത്തുകാണിച്ചുകൊണ്ട് . അച്ചടിവർഷം നോട്ടിൻറെ ഇടതുഭാഗത്ത്, സ്വച്ഛ്ഭാരത് അടയാളം മുദ്രാവാക്യത്തോടെ, ഭാഷാ പാനൽ ഡിനോമിനേഷൻ അക്കം 10 ദേവനാഗരി ലിപിയിൽ. |

| | | | | |
|---|---|---|---|---|
| | | | താഴെ വലതുഭാഗത്തും. | |
| II. | 20 രൂപാ നോട്ടുകൾ | | | |
| 1972 | 147 mm x 63 mm | അശോക സ്തംഭം | കുങ്കുമപ്പൂവിൻറെ നിറം, അശോക സ്തംഭ മുദ്ര വലതുഭാഗത്ത്, ഭാഷാ പാനൽ ഇടതുഭാഗത്തും. | നടുവിൽ തിരശ്ചീന പാനലിൽ, മൂലയിൽ ഓരത്തിലായി 20 എന്ന അക്കം ഹിന്ദിയിൽ കടുത്ത ലിപികളിൽ. പാർലമെൻറ് മന്ദിരത്തിൻറെ ചിത്രം. ഇടത്ത് മൂല്യം ഇന്ത്യൻ ഭാഷകളിൽ |
| 1975 | do | ചെറിയ അശോക സ്തംഭം, ചർക്കകളുടെ ശ്യഖലയോടൊപ്പം പശപുരട്ടിയ പേപ്പർ | ചുവപ്പ്, നീലം, ഇളം നീല, വിളറിയ മഞ്ഞ നിറങ്ങൾ. ഒരു ഇളം മഞ്ഞ താമരരൂപത്തിൽ, അക്കം '20' ഇളം നീലയിൽ, കടുപ്പിച്ച്. ഭാഷാ നിര ഇടതുഭാഗത്ത്, അശോക സ്തംഭ മുദ്ര വലതുഭാഗത്തും. എല്ലാവശങ്ങളിലും, മൂലകളിലൊഴികെ. അച്ചടി പടർന്നിരിക്കുന്നു. മൂലകൾ പേപ്പർ വെള്ള നിറം, പേരുകൾ, വകുപ്പുകൾ, ഒപ്പ് ഇവയെല്ലാം രണ്ടു ഭാഷകളിൽ | വരണ്ട ഓഫ്സെറ്റ് അച്ചടി, ചുവപ്പ്, നീലം, ഇളം നീലം നിറങ്ങൾ. നടുവിൽ കൊണാറക്ക് സൂര്യ ക്ഷേത്രത്തിൻറെ തേർ ചക്രം, വിളറിയ നീലനിറത്തിലെ വാട്ടർമാർക്ക് ജാലകം, ആലംകൃത രൂപങ്ങളാൽ ആവൃതമായിരിക്കുന്നു. ഈ രൂപങ്ങൾ നോട്ടിൻറെ മറുവശത്തുള്ള അതേ രൂപങ്ങളുമായി കൃത്യമായ താദാത്മ്യത്തിലാണ്. |
| 2001 | do | മഹാത്മാ ഗാന്ധിയുടെ ഛായാചിത്രം | സുരക്ഷാച്ചരട് ഭാരത് (ഹിന്ദിയിൽ) RBI എന്നീ അക്ഷരങ്ങൾ ചേർത്ത് പൂർണ്ണമായും ആഴ്ത്തിവച്ചനിലയിലും. നിറം മുഖ്യമായും ചുവപ്പു കലർന്ന ഓറഞ്ച്, അശോക ചക്രം, മഹാത്മാഗാന്ധിയുടെ കടുത്ത ചുവപ്പു നിറത്തിലുള്ള ഛായാചിത്രത്തിനു വഴിമാറിയിട്ടുണ്ട്. വലിപ്പം കുറച്ച അശോക സ്തംഭം ഇടതുവശത്ത് താഴെയായി മാറ്റിയിട്ടുണ്ട്. '20' എന്ന സംഖ്യ, ആർബിഐ മുദ്ര, മഹാത്മാഗാന്ധിയുടെ ഛായാ ചിത്രം, RBI യുടെ വാക്യം, ഗാരൻറി വാഗ്ദാന വകുപ്പുകൾ, അശോക് സ്തംഭം ഇൻസെറ്റ് എന്നിവ എഴുന്നു നിൽക്കുന്ന (ഇൻറാഗ്ലിയോ) അച്ചടിയിലാണ്. RBI എന്ന വാക്കുകളും '20' എന്ന സംഖ്യയും ചെറിയ ലിപിയിൽ മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിനു പുറകിൽ, ഇടവിട്ടിടവിട്ട് പ്രത്യക്ഷപ്പെടുന്നുണ്ട്. കാഴ്ചക്കുറവുള്ളവർക്ക് ഡിനോമിനേഷൻ തിരിച്ചറിയാൻ ഒരു ചെറിയ ദീർഘ ചതുരം, ഉയർന്നു നിൽക്കുന്ന രൂപത്തിൽ നോട്ടിൻറെ ഇടതു ഭാഗത്ത് കാണാം. നമ്പർ പാനലിലുള്ള | കേന്ദ്ര വിഷയം കേര നിരകളുള്ള ഇന്ത്യൻ സമുദ്ര തീരങ്ങളെ പ്രതിപാദിക്കുന്നു. നോട്ടിൻറെ മൂല്യം, ലംബമാനമായി 15 ഭാഷകളിൽ, ഇടതു ഭാഗത്ത് കാണാം. |

| | | | | |
|---|---|---|---|---|
| | | | അക്കങ്ങൾ ചുവപ്പു നിറത്തിൽ അച്ചടിച്ചിരിക്കുന്നു. | |
| 2006 | do | മഹാത്മാ ഗാന്ധിയുടെ ഛായാചിത്രം ഭിന്ന ദിശകളിലേക്കുള്ള വരകൾ ഡിനോമിനേഷൻ 20 എന്ന സംഖ്യ കാണിക്കുന്ന ഒരു ഇലക്ട്രോടൈപ്പ് മുദ്ര ഈ വിഭാഗത്തിൽ കാണാം. ബാങ്ക്നോട്ട് വെളിച്ചത്തിനെതിരെ പിടിച്ചുനോക്കിയാൽ ഇവ കൂടുതൽ വ്യക്തമായി കാണാം. | മെഷീനിൽ വായിക്കാവുന്ന ജാലകങ്ങളുള്ള വ്യക്തമായ വാക്കുകളുള്ള കാന്തികച്ചരട്, ഭാരത് (ഹിന്ദിയിൽ) RBI എന്നവ മഞ്ഞനിറത്തിൽ, അൾട്രാ വൈലറ്റ് വെളിച്ചത്തിൽ തിളങ്ങുന്ന അക്ഷരങ്ങൾ (Generic) വീതി 1.4 ആണ്. രണ്ട് നിറമുള്ള ഓപ്ടിക്കൽ ചരടുകൾ. പുഷ്പരൂപത്തിലുള്ള ചെറിയ രൂപം. (മുഖവശത്തു) പൊള്ളയായും മറുവശത്തു (നിറഞ്ഞ രൂപത്തിൽ) ലംബമായി പാത്തിയിൽ വാട്ടർമാർക്കിനടുത്ത് അപ്പുറവുമിപ്പുറവും കൃത്യമായി താദാൽമ്യമുള്ള രൂപത്തിൽ. വെളിച്ചത്തിനെതിരെ പിടിച്ചുനോക്കുമ്പോൾ, സംഖ്യ ഏകമായി കാണാം. | അച്ചടി സമയത്തുതന്നെ അച്ചടി വർഷം, ബാങ്കിൻറെ മറ്റുവശത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 2012 | do | do | do<br>ഇവയ്ക്കു പുറമേ, നോട്ടിൻറെ മുഖവശത്ത് മുകളിൽ ഇടതുഭാഗത്തും വലതുഭാഗത്തും (ഡിനോമിനേഷൻ കാണിക്കുന്ന സംഖ്യയോടൊപ്പം) ഭ എന്ന ചിഹ്നം അവതരിപ്പിച്ചിട്ടുണ്ട്. | ഈ ബാങ്ക് നോട്ടുകളിൽ മറുവശത്ത് അച്ചടി വർഷം രേഖപ്പെടുത്തുന്നത് തുടരും. കൂടാതെ ഭ എന്ന ചിഹ്നം ബാങ്ക് നോട്ടുകളുടെ മറുവശത്ത് മുകളിൽ വലതും ഇടതും മൂലകലിൽ (ഡിനോമിനേഷൻ സുചിപ്പിക്കുന്ന അക്കത്തോടൊപ്പം) അവതരിപ്പിച്ചിട്ടുണ്ട്. |
| 2016 | do | do | രണ്ട് നമ്പർ പാനലുകളിലുമുള്ള അക്കങ്ങൾ മുകളിലേക്ക് ഇടത്തുനിന്നും വലത്തോട്ട് വർദ്ധിക്കുന്ന വലിപ്പങ്ങളിലാണ്. അതേ സമയം മൂന്ന് ആദ്യാക്ഷര അടയാളങ്ങൾ (ഉപസർഗ്ഗം) സ്ഥിര വലുപ്പത്തിൽ തുടരുന്നു.<br>'20' എന്ന സംഖ്യ RBI മുദ്ര, മഹാത്മാഗാന്ധിയുടെ ഛായാചിത്രം, RBI വാക്യവും വാഗ്ദാന വകുപ്പും, ഗവർണറുടെ ഒപ്പ്, അശോകസ്തംഭ ചിഹ്നം എന്നിവ, ഇതുവരെ ഇൻറാഗ്ലിയോ അച്ചടി ആയിരുന്നെങ്കിൽ, ഇപ്പോൾ അവ ഓഫ്സെറ്റ് അച്ചടിയിലാണ്. (എഴുന്ന് നിൽക്കുന്ന അച്ചടിയില്ല) കൂടാതെ, ദീർഘ ചതുരാകൃതിയിലുള്ള തിരിച്ചറിയൽ അടയാളം ബാങ്ക് നോട്ടിൻറെ ഇടതു ഭാഗത്തുണ്ടായിരുന്നത് നീക്കിയി | Do |

| | | | | |
|---|---|---|---|---|
| | | | ട്ടുണ്ട്.<br>മറുവശത്തെ നിറത്തിന് മാറ്റമില്ലെങ്കിലും, മുഖവശത്തെ നിറം കുറഞ്ഞി ട്ടുണ്ട്. (ഇൻറാഗ്ലിയോ അച്ചടി വേണ്ടെന്ന് വച്ചതിനാൽ, മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിനു വലതുവശത്തുള്ള ലംബമാനമായ പാത്തിയിൽ '20' എന്ന സംഖ്യയുടെ അന്തർലീനമായ രൂപം ഇതുവരെ ഉണ്ടായിരുന്നു. ഈ രൂപം, നോട്ട് ദൃഷ്ടിതലത്തിൽ തിരശ്ചീനമായി പിടിച്ചുനോക്കുമ്പോൾ മാത്രമേ കാണാമായിരുന്നുള്ളൂ. ഈ സ്വഭാവവിശേഷം ഇപ്പോഴില്ല. | |
| **III.** | **50 രൂപാ നോട്ടുകൾ** | | | |
| 1975 | 147 mm x 73 mm | അശോക സ്തംഭം, ചർക്കകളുടെ ശ്യംഖലയോടു കൂടി | ഇളം നീല, നീല, പച്ച കരിഞ്ചുവപ്പു എന്നിവയുടെ ഭാവപ്പകർച്ചയോടെ 50 എന്ന സംഖ്യ കടുത്ത തവിട്ടു നിറത്തിൽ, ഭാഷാപട്ടിക ഇടതുഭാഗം, അശോക സ്തംഭമുദ്ര വലതുഭാഗത്തും, മൂലകളിലൊഴികെ, അച്ചടി എല്ലാ വശങ്ങളിലേക്കും പടർന്നിരി ക്കുന്നു. | ഇളം നീല, തവിട്ട്, മഞ്ഞ എന്നീ നിറങ്ങൾ. പാർലമെൻറു മന്ദിരം നടുവിൽ. വാട്ടർമാർക്ക് ജാലകം വിളറിയ ഇളം നീല നിറത്തിൽ, ആലങ്കാരിക രൂപങ്ങളാൽ ആവൃതമായിരി ക്കുന്നു. ഇവയാകട്ടെ മറുവശത്തുള്ള അതേ രൂപങ്ങളുമായി കൃത്യമായും താദാത്മ്യത്തിലാണ് |
| 1981 | do | do | ഇൻറാഗ്ലിയോ ഫാസ്റ്റു നീലം, മഞ്ഞകലർന്ന ചുവപ്പ്, അശോക സ്തംഭവും, ഭാഷകളും അഗാധമായ വയലറ്റ് നിറത്തിൽ, ബാക്കി അഗാധ പച്ച, തവിട്ട് എന്നീ നിറങ്ങളിൽ 'സത്യമേവ ജയതേ' അശോകസ്തംഭ മുദ്രയ്ക്കു താഴെ. | വരണ്ടു മഞ്ഞിച്ച തവിട്ട് ഓഫ്സെറ്റ്, പ്രധാനഭാഗം അഗാധ പർപ്പിൾ നിറത്തിൽ, പാർലമെൻറു മന്ദിരം, ദേശീയ പതാകയോടൊപ്പം നടുവിൽ മുകൾ ഭാഗത്ത്. |
| 1997 | do | മഹാത്മാ ഗാന്ധിയുടെ ഛായാചിത്രം വശങ്ങളിലേക്കു വരകളോടുകൂടി യ ജാലക ത്തോടൊപ്പം | മഞ്ഞ, നീല, വയലറ്റു നിറങ്ങൾ. അശോക സ്തംഭം മഹാത്മാഗാന്ധിയുടെ നീലഛായാചിത്രത്തിൻ വഴിമാറിയിരിക്കുന്നു. സുരക്ഷാച്ചരട് പൂർണ്ണമായും നോട്ടിൽ ആഴ്ന്നിരിക്കുന്നു. ഭാരത് (ഹിന്ദിയിൽ) എന്നും RBI എന്നും ആലേഖനം ചെയ്തതും. വാട്ടർമാർക്കിൻറെ ഇടതുഭാഗത്ത് കറുത്തതും, കനത്തതുമായ ഒരു ചെറിയ ചതുരം. നോട്ടിൻറെ ഡിനോമിനേഷൻ, കാഴ്ചശക്തി കുറഞ്ഞവർ തിരിച്ചറിയുന്നത് സഹായിക്കാൻ. | പാർലമെൻറുമന്ദിരത്തിൻ റെ വിശാല ദൃശ്യം പുഷ്പരൂപങ്ങൾ മുകളിലും, വശങ്ങളിൽ കസവു ചിത്രപ്പണികൾ. നോട്ടിൻറെ മൂലം 15 ഇന്ത്യൻ ഭാഷകളിൽ |
| 2005 | do | മഹാത്മാ ഗാന്ധിയുടെ ഛായാചിത്രം വശങ്ങളിലേക്കു ള്ള വരകൾ 50 എന്ന ഡിനോമിനേഷൻ സംഖ്യകാണിക്കു | മെഷീൻ സഹായത്താൽ വായിക്കാവുന്ന, ജാലകങ്ങളുള്ള ലോഹവിമുക്തമാക്കിയ, കാന്തിക സുരക്ഷാച്ചരട്, ഭാരത് (ഹിന്ദി) RBI എന്നും ആലേഖനങ്ങളോടെ, യു.വി വെളിച്ചതിൽ ഇരുവശങ്ങളിലും മഞ്ഞ നിറത്തിൽ തിളങ്ങുന്നവ. വീതി 1.4 mm ഇൻറാഗ്ലിയോ അച്ചടി, അതായത് എഴുന്നു നിൽക്കുന്ന അക്ഷരങ്ങൾ | അച്ചടിവർഷം ബാങ്ക് നോട്ടിൻറെ മറുവശത്ത്, അച്ചടി സമയത്തുതന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | ന്ന ഒരു ഇലക്ട്രോ ടൈപ്പ് അടയാളം, ഇത് വെളിച്ചത്തിനെ തിരെ പിടിച്ചാൽ കൂടുതൽ നന്നായി കാണാം. | കൂടുതൽ പ്രാധാന്യത്തോടെ ഹിന്ദിയിലും, ഇംഗ്ലീഷിലും ബാങ്കിൻറെ പേരിൽ, റിസർവ് ബാങ്ക് മുദ്രയിൽ, ഗ്യാരൻറി, വാഗ്ദാനം എന്നീ വിഭാഗങ്ങളിൽ ഇടത് അശോകസ്തംഭ മുദ്രയിൽ, RBI ഗവർണ്ണറുടെ ഒപ്പിൽ. വാട്ടർ മാർക്കിന് ഇടത്തായി, ഇൻറാഗ്ലിയോയിൽ ഒരു ചതുരം, കൂടുതൽ അഗാധമായി കൊത്തിവച്ചിരിക്കുന്നു. കാഴ്ച ശക്തി കുറഞ്ഞവർ ഡിനോമിനേഷൻ തിരിച്ചറിയുന്നത് സഹായിക്കാൻ. ഓപ്റ്റിക്കൽ നാരുകൾ രണ്ടു നിറങ്ങളിൽ. വാട്ടർമാർക്ക് ജാലകത്തിന് തൊട്ടടുത്ത് ലംബമാനമായ പാത്തിയുടെ നടുഭാഗത്ത്, ചെറിയ പുഷ്പ രൂപം, മുമ്പിലും (പൊള്ളയായി) പുറകിലും (നിറഞ്ഞ രീതിയിൽ) ഇരു വശങ്ങളിലും കൃത്യമായി താദാമ്യത്തിലാണ്. ഇതുകാരണം അക്കം, വെളിച്ചത്തിനെതിരെ നോക്കുമ്പോൾ ഏകമായി കാണുന്നു. | |
| 2012 | do | do | do<br>ഇതിനുപുറമെ ബാങ്ക് നോട്ടിൻറെ മുഖവശത്ത് ` ചിഹ്നം, മുകളിൽ ഇടതു മൂലയിൽ (ഡിനോമിനേഷൻ സംഖ്യയോടൊപ്പം) അവതരിപ്പിച്ചിട്ടുണ്ട്. | ഈ ബാങ്ക് നോട്ടുകളിൽ മറുവശത്ത് അച്ചടിവർഷം ആലേഖനം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ, ` ചിഹ്നം, നോട്ടുകളുടെ മറുവശത്ത്, മുകളിൽ ഇടതും, വലതും മൂലകളിൽ (ഡിനോമിനേഷൻ സംഖ്യയോടൊപ്പം) അവതരിപ്പിച്ചി ട്ടുണ്ട്. |
| 2015 | do | do | do<br>ഇതിനുപുറമെ ഈ ബാങ്ക് നോട്ടുകളുടെ രണ്ടു നമ്പർ പാനലുക ളിലും, അക്കങ്ങൾ, ഇടത്തുനിന്നും വലത്തേക്ക് വലിപ്പം വർദ്ധിക്കുന്ന രീതിയിലാണ്. അതേ സമയം ആദ്യത്തെ മൂന്ന് അൽഫാ അക്കങ്ങളുടെ ലിപികൾ (ഉപസർഗ്ഗം) ഒരേ വലിപ്പത്തിൽ ആയിരിക്കും | do |
| 2016 | do | do | '50' എന്ന സംഖ്യ RBI മുദ്ര, ഗാന്ധിജിയുടെ ഛായാ ചിത്രം, RBI വാക്യം, ഗാരൻറി, വാഗ്ദാനം എന്നീ വകുപ്പുകൾ, ഗവർണറുടെ ഒപ്പ്, അശോക സ്തംഭ മുദ്ര ഇവയെല്ലാം ഇതുവരെ ഇൻറാഗ്ലിയോ (എഴുന്നു നിൽക്കുന്ന) അച്ചടിയായിരുന്നെങ്കിൽ ഇപ്പോഴത് ഓഫ്സെറ്റി (എഴുന്നു നിൽക്കാത്താതിലാണ് അച്ചടിച്ചിരിക്കു ന്നത്.<br>കൂടാതെ ചതുരാകൃതിയിലുള്ള ഒരു | do |

| | | | | |
|---|---|---|---|---|
| | | | തിരിച്ചറിയൽ ചിഹ്നം ഉണ്ടായിരുന്നത് ഒഴിവാക്കിയി ട്ടുണ്ട്. മറുവശത്ത് നിറത്തിന് മാറ്റമില്ലെങ്കിലും മുഖവശത്ത് നിറം മങ്ങിയ രൂപത്തിലാണ്; എഴുന്നു നിൽക്കുന്ന അച്ചടിയല്ലാത്തതിനാൽ. മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിൻറെ വലതു ഭാഗത്തുള്ള പാത്തി ഇതുവരെ 50 എന്ന അക്കത്തിൻറെ ഡിനോമിനേഷൻ കാണിക്കുന്ന അന്തർലീനമായ രൂപത്തിലുണ്ടായിരുന്നു. ഈ അന്തർലീനമായ രൂപം, ബാങ്ക്നോട്ട് തിരശ്ചീനമായി നേത്രനിലയിൽപിടിച്ചാൽ കാണാമായിരുന്നു. ഈ സ്വഭാവ വിശേഷം ഇനിമുതൽ കാണില്ല. | |
| 2017 | 66 mm x 135 mm | ` 50 ഡിനോമിനേഷൻ ബാങ്ക് നോട്ടുകൾ മഹാത്മാഗാന്ധി (പുതിയ) സീരീസിൽ, മഹാത്മാഗാന്ധി യുടെ ഛായാചിത്ര വും ഇലക്ട്രോ ടൈപ്പ് (50) വാട്ടർമാർക്കുക ൾ | നോട്ടിൻറെ അടിസ്ഥാന നിറം ഫ്ളൂറസെൻറ് നീലം, ഡിനോമിനേഷൻറെ അക്കം 50-ൽ സുതാര്യ രജിസ്റ്റർ. ഡിനോമിനേഷൻ അക്കം ദേവനാഗരിയിൽ 50, കേന്ദ്രത്തിൽ മഹാത്മാഗാന്ധിയുടെ ഛായാചിത്രം, RBI, ഭാരത് (ഹിന്ദിയിൽ), INDIA, 50 എന്നിവ സൂക്ഷ്മാക്ഷരങ്ങളിൽ, തീവ്രതകുറഞ്ഞ ലോഹരൂപത്തിൽ ജാലകങ്ങളുള്ള സുരക്ഷാച്ചരട്. RBI, ഭാരത് (ഹിന്ദിയിൽ) എന്നീ മുദ്രണങ്ങളോടെ ഗാരൻറി വകുപ്പും, ഗവർണറുടെ ഒപ്പും, വാഗ്ദാനവകുപ്പും, മഹാത്മാഗാന്ധിയുടെ ഛായാ ചിത്രത്തിനു വലതുവശത്തേക്ക് മഹാത്മാഗാന്ധി ഛായാചിത്രവും. ഇലക്ട്രോ ടൈപ്പ് (50) വാട്ടർമാർക്കുകളും. ചെറുതിൽനിന്നും വലുതായി വളരുന്ന നമ്പർ പാനൽ മുകളിൽ ഇടതുഭാഗത്തും താഴെ വലതുഭാഗത്തും. | അച്ചടിവർഷം ഇടതുഭാഗത്ത് സ്വച്ഛ്ഭാരത്, അടയാളമുദ്രാവാക്യത്തോ ടെ, ഭാഷാപാനൽ, തേരോടുകൂടി ഹമ്പിയുടെ മാതൃക ദേവനാഗരിയിൽ ഡിനോമിനേഷൻ 50 |
| **IV.** | **100 രൂപാ നോട്ടുകൾ** | | | |
| 1967 | 157 mm x 73 mm | അശോക സ്തംഭം | നീല നിറം, അക്കം 100 നടുവിൽ പ്രാധാന്യത്തോടെ കാണപ്പെടുന്നു. അശോകസ്തംഭ മുദ്ര വലതുവശത്ത്. | ഇടത്ത് 14 ഇന്ത്യൻ ഭാഷകളുടെ ലംബമാനമായ പാനൽ. ഒരു വൃത്തപരിധിയിൽ ഹിരാക്കുഡ് അണ പശ്ചാത്തലത്തിൽ |
| 1969 | do | do | നീല നിറം വാഗ്ദാന വാക്യം, ഗാരൻറി വാക്യം ഗവർണറുടെ ഒപ്പ് ഇവ രണ്ട് ഭാഷകളിൽ | മഹാത്മാഗാന്ധിയുടെ ചിത്രം ഇരിക്കുന്ന സ്ഥിതിയിൽ, ഒരു വൃത്ത പരിധിയിൽ സേവാഗ്രാം ആശ്രമം പശ്ചാത്തലത്തിൽ. |
| 1975 | do | അശോകസ്തം | ഇൻറാഗ്ലിയോ, അഗാധ | ഇൻറാഗ്ലിയോ അഗാധ |

| | | | | |
|---|---|---|---|---|
| | | ഭം ചർക്കകളോടെ | നീലം, നീല, പിങ്ക്, കടുത്ത പച്ച എന്നിവയുടെ ഭാവം കലർന്നത്. കടുത്ത നീലനിറത്തിൽ അക്കം '100'. വാട്ടർമാർക്ക് ജാലകം ഇളം നീലം; RBI യുടെ പേര് വാഗ്ദാന വാക്യം, ഗ്യാരൻറി വാക്യം, ഗവർണറുടെ ഒപ്പ് എന്നിവ രണ്ട് ഭാഷകളിൽ. ഭാഷകളുടെ പട്ടിക ഇടതുഭാഗത്തും അശോക സ്തംഭ ചിഹ്നം വലതു ഭാഗത്തും. മുകളിലൊഴികെ പ്രിൻറിംഗ് എല്ലായിടത്തേക്കും പരന്നിരിക്കുന്നു. | നീലം, ചോളത്തിൻറെ തവിട്ടുനിറത്തിലുള്ള ഛായ, കാർഷിക പ്രവർത്തനങ്ങൾ, തേയിലത്തോട്ടങ്ങൾ, ജലവൈദ്യുത പദ്ധതി, വാർട്ടർമാർക്ക് ജാലകം അലങ്കാര രൂപങ്ങളാൽ ആവൃതമായിരിക്കുന്നു. ഇവ മറുവശത്തെ സമാന രൂപങ്ങളുമായി കൃത്യമായും താദാത്മ്യത്തിലാണ്. |
| 1979 | do | do | ഒരുവശത്ത് ഇൻറാഗ്ലിയോ നീലം, ചുവപ്പും കടുത്ത പച്ചയും, ചുവപ്പും, മഞ്ഞയും കലർന്ന പച്ചനിറഛായ യുടെ നിഴൽ. അശോകസ്തംഭ ചിഹ്നത്തിനുതാഴെ സത്യമേവ ജയതേ ഹിന്ദിയിൽ | വരണ്ട-ഓഫ്സെറ്റ്. കറുപ്പും, കരിഞ്ചുവപ്പും നിറങ്ങൾ |
| 1996 | do | മഹാത്മാഗാന്ധി യുടെ ഛായാചിത്രം, ഒപ്പം വാട്ടർ മാർക്ക് ജാലകത്തിനുതാഴെ പല ദിശകളിലേക്കുള്ള വരകൾ | ഓഫ്സെറ്റും, ഇൻറാഗ്ലിയോ, പ്രക്രിയയും സമ്മിശ്രമായ അച്ചടി. പൊതുവായനിറം മുഖ്യമായും നീല, നരച്ചനിറം, പച്ച തുടങ്ങിയവ. മഹാത്മാഗാന്ധിയുടെ ഛായാചിത്രം. ജാലകങ്ങളുള്ള സുരക്ഷാ ചരട്, ഭാഗികമായി മുമ്പിൽ നിന്നു കാണാം, എന്നാൽ മുഴുവനായും ഉള്ളിലേക്ക് ആഴ്ന്നിരിക്കുന്നു. ചരടിൽ ഭാരത് (ഹിന്ദി) RBI എന്നിവ അച്ചടിച്ചിരിക്കുന്നു. കാഴ്ചകുറവുള്ളവർക്ക് തിരിച്ചറിയാൻ സഹായിക്കുന്ന കറുത്ത കട്ടിയായ ഒരു ത്രികോണം ഇൻറാഗ്ലിയോയിൽ, വാട്ടർ മാർക്കിൻറെ ഇടതുഭാഗത്ത്. | കാഞ്ചൻ ഗംഗാനിരയുടെ വിശാലമായ ഒരു ദൃശ്യമാണ് കേന്ദ്ര ആശയമായുള്ളത്. വശങ്ങളിൽ പുഷ്പാലംകൃത രൂപങ്ങളും, കസവു രൂപങ്ങളും നോട്ടിൻറെ മൂല്യം 15 ഭാഷകളിൽ ഇടതു ഭാഗത്ത്. |
| 2005 | do | മഹാത്മാഗാന്ധി യുടെ ഛായാ ചിത്രം, വിവിധ ദിശകളിലേക്കുള്ള വരകൾ 100 എന്ന ഡിനോമിനേഷൻ അക്കം കാണിക്കുന്ന ഒരു ഇലക്ട്രോടൈപ്പ് ചിഹ്നം, ഈ വിഭാഗത്തിൽ കാണാം. വെളിച്ചത്തിനെതിരെ നോട്ടു പിടിച്ചു നോക്കിയാൽ ഇവ കൂടുതൽ വ്യക്തമായി കാണാം | മെഷീനിൽ വായിക്കാവുന്നതും, ജാലകങ്ങളോടു കൂടിയതും, ലോഹിതമായ വ്യക്തതയോടു കൂടിയ എഴുത്തും ഉള്ള കാന്തിക സുരക്ഷാ ചരട്. ഭാരത് (ഹിന്ദിയിൽ) RBI എന്നിവ പ്രത്യേകതയുള്ള നിറപ്പകർച്ചയോടെ 100 രൂപാ നോട്ടുകളിൽ ലിഖിതം ചെയ്തിട്ടുണ്ട്. വിവിധകോണുകളിലൂടെ നോക്കുമ്പോൾ ചരടിൻറെ നിറം പച്ചയിൽനിന്നും നീലയായി മാറുന്നത് കാണാം. മറുവശത്ത് ഈ എഴുത്തുകൾ മഞ്ഞനിറത്തിൽ തിളങ്ങും. മുഖവശത്ത് അൾട്രാവയലറ്റു വെളിച്ചത്തിൽ തിളങ്ങും. വീതി 2 mm . ഇൻറാഗ്ലിയോ അച്ചടിയിൽ അതായത് എഴുന്ന നിൽക്കുന്ന അച്ചടിയിൽ, ബാങ്കിൻറെ പേര് ഹിന്ദി യിലും, ഇംഗ്ലീഷിലും കുടുതൽ വ്യക്തം. റിസർവ് ബാങ്ക് മുദ്ര, വാഗ്ദാന വാക്യം, ഗാരൻറി, അശോക സ്തംഭ ചിഹ്നം ഇടതുവശത്ത്, RBI ഗവർണ്ണറുടെ | ബാങ്ക് നോട്ടിൻറെ പുറകു വശത്ത് അച്ചടി വർഷം, അച്ചടിയവസരത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഒപ്പ് എന്നിവയും കാണാം.<br>ഇൻറാഗ്ലിയോയിൽ ഒരു ത്രികോണം ഇടതുവശത്ത് വാട്ടർമാർക്ക് ജാലകത്തിനു ഇടതുഭാഗത്ത് കൂടുതൽ ഗാഢമായി മുദ്രണം ചെയ്തിരിക്കുന്നതിനാൽ കാഴ്ച ശക്തി കുറഞ്ഞവർക്ക് ഡിനോമിനേഷൻ തിരിച്ചറിയാൻ സഹായകമാവും. വാട്ടർ മാർക്ക് ജാലകത്തിൻറെ അടുത്ത് ലംബമാനമായ പാത്തിയുടെ നടുവിൽ ബാങ്ക് നോട്ടിൻറെ മുമ്പെയും (പൊള്ളയായി) പുറകേയും (നിറച്ചനിലയിലുള്ള) ഉള്ള പുഷ്പാലംകൃത രൂപം, പുറകെ പുറകെ കൃത്യമായ തദാത്മ്യത്തിലായതിനാൽ, വെളിച്ചത്തിനെതിരെ പിടിച്ചു നോക്കുമ്പോൾ സംഖ്യ ഏകമായി തോന്നും. | |
| 2011 | do | do | do<br>കൂടാതെ, മുഖവശത്ത് ` ചിഹ്നം, മുകളിൽ ഇടതുവശ മൂലകളിലായി (ഡിനോമിനേഷൻ അക്കത്തോടൊപ്പം) ബാങ്ക് നോട്ടുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | മറുവശത്ത്, അച്ചടി വർഷം, ബാങ്ക് നോട്ടുകളിൽ തുടർന്നും ഉണ്ടായിരിക്കും. കൂടാതെ ` ചിഹ്നം പുറകുവശത്ത് മുകളിൽ ഇടതുവശത്തും വലതു വശത്തും മുകളിൽ മൂലകളിലായി (ഡിനോമിനേഷൻ അക്കത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. |
| 2015 | do | do | do<br>കൂടാതെ രണ്ട് നമ്പർ പാനലിലുമുള്ള സംഖ്യകൾ, ഇടത്തുനിന്നും വലത്തോട്ട്, മുകളിലേക്ക് വലിപ്പം വർദ്ധിക്കുന്ന രീതിയിലായിരിക്കും. അതേ സമയം ആദ്യത്തെ മൂന്ന് ആൽഫാന്യൂമെറിക് അക്ഷരങ്ങൾ (ഉപസർഗ്ഗം) സ്ഥിരവലിപ്പത്തിലായിരിക്കും. നോട്ടിൻറെ മറുവശത്ത് കാഴ്ചശക്തി കുറഞ്ഞവർക്ക് ഡിനോമിനേഷൻ തിരിച്ചറിയാൻവേണ്ടി നാലു ചരിഞ്ഞ, പുറത്തേക്കു തള്ളിനിൽക്കുന്ന വരകൾ, ഇടതുവശത്തും വലതുവശത്തും ഉണ്ട്. തിരിച്ചറിയാനുള്ള ചിഹ്നം (ത്രികോണം) ത്തിൻറെ വലിപ്പം 50 ശതമാനം കൂട്ടിയിട്ടുണ്ട്.<br>. | മറുവശത്ത്, അച്ചടി വർഷം, ബാങ്ക് നോട്ടുകളിൽ തുടർന്നും ഉണ്ടായിരിക്കും. കൂടാതെ രൂപ ചിഹ്നം പുറകുവശത്ത് മുകളിൽ ഇടതുവശത്തും വലതു വശത്തും മുകളിൽ മൂലകളിലായി (ഡിനോമിനേഷൻ അക്കത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. |
| **V** | **200 രൂപാ നോട്ടുകൾ- മഹാത്മാഗാന്ധി സീരീസ് (പുതിയത്)** | | | |
| 2017 | 66 mm x 146 mm | ` 200 ഡിനോമിനേഷൻ ബാങ്ക് നോട്ടുകൾ മഹാത്മാഗാന്ധി പുതിയ സീരീസിൽ മഹാത്മാഗാന്ധി | നോട്ടിൻറെ അടിസ്ഥാന നിറം തിളങ്ങുന്ന മഞ്ഞ നോട്ടിൽ മറ്റ് ഡിസൈനുകളും, ജ്യാമിതീയരൂപങ്ങളും, മൊത്തം കളർ സ്കീമിൽ അലിഞ്ഞുചേരുംവിധം, മുഖവശത്തും മറുവശത്തും. 200 എന്ന ഡിനോമിനേഷൻ കാണത്തക്കവണ്ണം സുതാര്യമായ രജിസ്റ്റർ. 200 എന്ന | സാഞ്ചി സ്തൂപത്തിൻറെ മാതൃക മറുവശത്ത്, രാജ്യത്തിൻറെ സാംസ്കാരിക പൈതൃകം രേഖപ്പെടുത്തികൊണ്ട്. അച്ചടി വർഷം ഇടതുവശത്ത് |

| | | | | |
|---|---|---|---|---|
| | | യുടെ ഛായാചിത്രവും, ഇലക്ട്രോടൈപ്പ് വാട്ടർ മാർക്കുകളും | ഡിനോമിനേഷൻ അക്കം അന്തർലീനമായ, ദേവനാഗരിയിൽ 200 എന്ന ഡിനോമിനേഷൻ അക്കം. മഹാത്മാഗാന്ധിയുടെ ഛായാചിത്രം കേന്ദ്രത്തിൽ, , RBI, ഭാരത് (ഹിന്ദിയിൽ) INDIA 200 എന്നീ സൂക്ഷ്മാക്ഷരങ്ങൾ പതിച്ച, ജാലകങ്ങളോടു കൂടിയ സുരക്ഷാച്ചരട്. നോട്ട് ചരിച്ചുപിടിച്ചാൽ ചരടിൻറെ നിറം പച്ചയിൽനിന്നും നീലയാവും. ഗാരൻറി ക്ലാസ്, വാഗ്ദാന ക്ലാസ് ഗവർണറുടെ ഒപ്പോടുകൂടി ആർബിഐ മുദ്ര മഹാത്മാഗാന്ധി ഛായാചിത്രത്തിനു വലതുവശത്ത് ഡിനോമിനേഷൻ അക്കം 200 റുപ്പി അടയാളത്തോടെ മാറുന്ന നിറങ്ങളിൽ (പച്ചയിൽനിന്നും നീലയിലേക്ക്) വലതുഭാഗം താഴെ അശോകസ്തംഭ മുദ്ര, മുകളിൽ ഇടതുവശത്ത്, ചെറുതിൽനിന്നും വലുതായി വളരുന്ന അക്കങ്ങളോടുകൂടി നമ്പർ പാനൽ, താഴെ വലതുവശത്തും, കാഴ്ച ശക്തി കുറഞ്ഞവർക്കുവേണ്ടി മഹാത്മാഗാന്ധിയുടെ ഛായാചിത്രം ഇൻറാഗ്ലിയോ അഥവാ എഴുന്നു നിൽക്കുന്ന അച്ചടിയിൽ, അശോക സ്തംഭമുദ്ര എഴുന്നുനിൽക്കുന്ന തിരിച്ചറിയൽ മുദ്ര ` 200 എന്ന സൂക്ഷ്മ അക്ഷരങ്ങളിൽ നാലു കോണോടുകോൺ ബ്ലീഡ് വരകൾ രണ്ടു വൃത്തങ്ങൾ വരകൾക്കിടയിൽ ഇടയ്ക്ക് ഇടതും വലതും വശങ്ങളിൽ. | സ്വച്ഛ്ഭാരത് ലോഗോമുദ്രാവാക്യത്തോടുകൂടി. സാഞ്ചി സ്തൂപത്തിൻറെ മാതൃകയുടെ ഭാഷാപാനൽ 200 എന്ന ദേവ നാഗരിയിൽ ഡിനോമിനേഷൻ അക്കം. |
| **VI** | **500 രൂപാ നോട്ടുകൾ- മഹാത്മാഗാന്ധി സീരീസ് (പുതിയത്)** | | | |
| 2016 | 66 mm x 150 mm | മഹാത്മാഗാന്ധിയുടെ ഛായാചിത്രം ഇലക്ട്രോടൈപ്പ് (2000) വാട്ടർമാർക്കുകൾ | മഹാത്മാഗാന്ധി സീരീസ് (പുതിയത്) ആയി പുറപ്പെടുവിച്ചത്. ഈ പുതിയ ` 500 ബാങ്ക് നോട്ടുകൾ, മുമ്പത്തെ സിഫൈഡ് ബാങ്ക് നോട്ടുകളുടെ (SBN) സീരീസിൽ നിന്നും, നിറം, വലിപ്പം, ആശയം, സുരക്ഷാ സ്വഭാവങ്ങളുടെ സ്ഥാനം, പരേഖാംശങ്ങൾ എന്നിവയിൽ വ്യത്യസ്തങ്ങളാണ്. നോട്ടിൻറെ നിറം നരച്ച കൽ നിറം (Stone grey) മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിൻറെ ക്രമീകരണവും അതിൻറെ ആപേക്ഷികമായ സ്ഥാനവും മാറിയിരി ക്കുന്നു. ഈ ബാങ്ക് നോട്ടിനുള്ള സ്വഭാവവിശേഷങ്ങൾ: മഹാത്മാഗാന്ധി ഛായാചിത്രം ഇൻറാഗ്ലിയോ അച്ചടി, അശോക സ്തംഭചിഹ്നം പുറത്തേക്ക് തള്ളിനിൽക്കുന്ന വരകൾ (bleed lines) ` 500 എന്നടിച്ച വൃത്തം വലതുവശത്ത്, തിരിച്ചറിയാനുള്ള അടയാളം കാഴ്ചകുറവുള്ളവർക്ക് ഡിനോമിനേഷൻ തിരിച്ചറിയാൻ സഹായമായി. | ഇന്ത്യൻ പൈതൃകസ്ഥാനമായ ചുവന്ന കോട്ട (Red fort) ഇന്ത്യൻ പതാകയുമായി. അച്ചടിവർഷം 2016 സ്വച്ഛ്ഭാരത് ചിഹ്നം മറുവശത്ത് അച്ചടിച്ചിരിക്കുന്നു. 15 ഭാഷകളുടെ പാനൽ മദ്ധ്യത്തോടടുത്താണ്. |

| VII | 2000 രൂപാ നോട്ടുകൾ- മഹാത്മാഗാന്ധി സീരീസ് (പുതിയത്) | | | |
|---|---|---|---|---|
| 2016 | 66 mm x 166 mm | മഹാത്മാ ഗാന്ധിയുടെ ഛായാചിത്ര വും ഇലക്ട്രോടൈപ്പ് (2000) വാട്ടർമാർക്കുക ളും | മഹാത്മാഗാന്ധി സീരീസ് (പുതിയത്) ആയി പുറപ്പെടുവിച്ചത്.<br>നോട്ടിൻറെ അടിസ്ഥാന നിറം ഇളംചുവപ്പ് (Magenta) നോട്ടിൻറെ ഇരുവശങ്ങളിലും മറ്റ് ഡിസൈനുകൾ വർണ്ണ പദ്ധതിയുമായി ചേർന്ന് നിൽക്കുന്ന ജ്യാമിത രൂപങ്ങൾ.<br>മുഖ്യ സ്വഭാവവിശേഷങ്ങൾ:-<br>1. ഡിനോമിനേഷൻ സൂചിപ്പിക്കുന്ന സംഖ്യ 2000 അപ്പുറമിപ്പുറം കാണാവുന്ന (see through) താദാത്മ്യത്തിലാണ്.<br>2. ഡിനോമിനേഷൻ സൂചിപ്പിക്കുന്ന സംഖ്യ 2000 ത്തിൻറെ ഉൾച്ചേർന്ന രൂപം.<br>3.ഡിനോമിനേഷൻ സൂചിപ്പിക്കുന്ന സംഖ്യ ` 2000 ദേവനാഗിരി ലിപിയിൽ.<br>4. മഹാത്മാഗാന്ധിയുടെ ഛായാചിത്രം മദ്ധ്യഭാഗത്ത്.<br>5. ബാങ്ക് നോട്ടിൻറെ ഇടതുഭാഗത്ത് RBI എന്നും 2000 എന്നും ചെറിയ ലിപികളിൽ.<br>6. ഭാരത് (ഹിന്ദിയിൽ) RBI, 2000 എന്നീ ലിഖിതങ്ങൾ നിറപ്പകർച്ചയോടെ ജാലകങ്ങളുള്ള സുരക്ഷാച്ചരടിൽ. ചരടിൻറെ നിറം പച്ചയിൽനിന്നും നീലയായി നോട്ട് ചലിപ്പിക്കുമ്പോൾ മാറുന്നു.<br>7. ഗാരൻറിവാക്യം, ഗവർണറുടെ ഒപ്പ്, RBI ചിഹ്നം വലതുഭാഗത്ത്<br>8. ഡിനോമിനേഷൻ സൂചിപ്പിക്കുന്ന അക്കം നിറമുള്ള രൂപാ ചിഹ്നമായ ` 2000 നിറം മാറുന്ന മഷിയിൽ (പച്ചയിൽനിന്നും നീലയായി) വലതുഭാഗം താഴെയായി.<br>9. അശോകസ്തംഭചിഹ്നം, മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിനും, ഇലക്ട്രോടൈപ്പ് (2000) വാട്ടർമാർക്കുകൾക്കും വലതുഭാഗത്ത്.<br>10. അക്കങ്ങൾ ചെറുത് വലുതാവുന്ന രീതിയിലുള്ള നമ്പർ പാനൽ മുകളിൽ ഇടത്തും, താഴെവലതുവശത്തും, കാഴ്ചക്കുറവുള്ളവർക്കുവേണ്ടി മഹാത്മാഗാന്ധിയുടെ ഛായാചിത്രം. അശോകസ്തംഭ ചിഹ്നം, പുറത്തേക്കുതള്ളി നിൽക്കുന്ന വരകൾ (bleed lines) തിരിച്ചറിയാനുള്ള അടയാളം എന്നിവ ഇൻറാഗ്ലിയോ അഥവാ എഴുന്നു നിൽക്കുന്ന അച്ചടിയിൽ.<br>11. വലതുഭാഗത്ത് തിരശ്ചീനമായ ദീർഘചതുരം, ഉള്ളിൽ ` 2000 എഴുന്നു നിൽക്കുന്ന അച്ചടിയിൽ.<br>12. 7 ചരിഞ്ഞ, പുറത്തേയ്ക്കു തള്ളിനിൽക്കുന്ന വരകൾ, ഇടതു, വലതു ഭാഗങ്ങളിൽ എഴുന്നു നിൽക്കുന്ന അച്ചടിയിൽ. | |

അനുബന്ധം VIII

## ഈ പ്രാമാണിക സർക്കുലറിൽ ക്രോഡീകരിച്ചിട്ടുള്ള സർക്കുലറുകളുടെ പട്ടിക

| ക്രമ നം. | സർക്കുലർ റഫ്. നമ്പർ | തീയതി | വിഷയം | മാസ്റ്റർ സർക്കുലർ പാര |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | DCM FNVD G-16/16.01.01/2003-04 | December 18, 2003 | ATM ലൂടെ വിതരണം ചെയ്യപ്പെടുന്ന വ്യാജനോട്ടുകൾ | 6 |
| 2 | DCM FNVD G-31/16.01.01/2003-04 | April 08, 2004 | വ്യാജനോട്ടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ മാറാൻവരുന്ന ആൾക്കുള്ള രസീത്. | 4 |
| 3 | DCM FNVD G-3/16.02.03/2004-05 | July 06, 2004 | വ്യാജനോട്ടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ മാറാൻവരുന്ന ആൾക്കുള്ള രസീത്. | 4 |
| 4 | DCM FNVD G-23/16.01.01/2005-06 | December 07, 2005 | ATM ലൂടെ വിതരണം ചെയ്യപ്പെടുന്ന വ്യാജനോട്ടുകൾ വ്യാജനോട്ട് വിജിലൻസ് സെല്ലിൻറെ രൂപീകരണം | 6 & 7 |
| 5 | DCM FNVD G-37/16.08.08/2006-07 | March 28, 2006 | ATM ലൂടെ വിതരണം ചെയ്യപ്പെടുന്ന വ്യാജനോട്ടുകൾ | 6 & 8 |
| 6 | DCM FNVD G 18/16.08.08/2006-07 | June 01, 2007 | ബാങ്കുകളിൽനിന്നും ചെസ്റ്റുകളിലേക്ക് പണമടവിൽ വ്യാജ ബാങ്ക് നോട്ടുകൾ കണ്ടെടുക്കപ്പെടുമ്പോൾ | 6 |
| 7 | DCM No.Dir.NPD.3158/09.39.00/ 2009-10 | Nov. 19, 2009 | നോട്ടുകളുടെ തരംതിരിവ്- നോട്ട് തരംതിരിവു മെഷിനുകളുടെ സ്ഥാപനം. | 6 |
| 8 | DCM No.Cir.NPD.3161/09.39.00 (Policy)/ 2009-10 | Nov. 19, 2009 | നോട്ടുകളുടെ തരംതിരിവും അടുക്കലും -നോട്ട് തരംതിരിവ് മെഷിനുകളുടെ സ്ഥാപനം. | 9 |
| 9 | DCM (R&D) No.G.26/18.00.14/ 2009-10 | May 11, 2010 | നോട്ടു തരംതിരിവു മെഷീനുകൾ നോട്ടു ശരിവയ്ക്കലും തരംതിരിവു മാനദണ്ഡങ്ങളും | 9 |
| 10 | DCM FNVD No. 502/16.01.15/ 2011-12 | July 25, 2011 | വ്യാജ ബാങ്കുനോട്ടുകളുടെ കണ്ടെടുക്കൽ-പുതുക്കിയ നപടിക്രമം | 5 |
| 11 | DCM (FNV) No.5063/16.02.22/ 2011-12 | May 09, 2012 | വ്യാജനോട്ടുകളുടെ കണ്ടെടുക്കലും റിപ്പോർട്ടിംഗ് പ്രക്രിയയും പണനയം 2012-13 | 6 |
| 12 | DPSS Co. PD 2298/02.10.002/ 2011-12 | June 20, 2012 | ഇന്ത്യയിലെ വൈറ്റ് ലേബൽ ATM കൾ മാർഗ്ഗ നിർദ്ദേശങ്ങൾ | 6 |
| 13 | DCM FNVD No. 2165/ 16.21.005/ 2012-13 | Nov. 16, 2012 | വ്യാജനോട്ടുകളുടെ കണ്ടെടുക്കലും റിപ്പോർട്ടിംഗും രണ്ടാം ത്രൈമാസിക പണനയം 2012-13 | 6 |
| 14 | DCM FNVD No. 776/16.01.05/ 2015-16 | August 26, 2015 | വ്യാജനോട്ടുകളുടെ കണ്ടെടുക്കൽ- പുനരവലോകനം. | 2 |

| | | | | |
|---|---|---|---|---|
| 15 | DCM FNVD No. 1134/16.01.05/ 2016-17 | Oct. 27, 2016 | വ്യാജനോട്ടുകളുടെ കണ്ടെടുക്കലും കൈവശപ്പെടുത്തലും | 5 |
| 16 | DPSS CO.PD. No. 1621/02.10.002/ 2016-17 | Dec. 30, 2016 | വൈറ്റ് ലേബൽ ATM ഓപ്പറേറ്ററൻമാർ | 6 |
| 17 | DCM (FNVD) G-7/ 16.01.05/ 2017-18 | Jan. 15, 2018 | വ്യാജ നോട്ടുകളുടെ കണ്ടെടുക്കലും കൈവശപ്പെടുത്തലും, എഫ്ഐആർ ഫയൽ ചെയ്യുമ്പോൾ | 5 |